[illegible] J5 SUGASTHA KATHAKAL

MADHAVAN

032:3xN5
55

3xN5 J5
VAN (K)
althakal
202648
032:3xN5
J5
MUL
202648
Choolaimedu High Rd.
MADRAS-24.

**Madras University Li**

Call Number 032

Accession Number

Available for loan f

This book should b
the date last mar

-5 OCT 2000

O. 61

Sugantha Kathakal

# സുഗന്ധകഥകൾ

UNIVERSITY LIBRARY
26 NOV 1964
MADRAS

196

ഗ്രന്ഥകൎത്താ:

കെ. മാധവൻ.

K. Madhavan

പ്രസാധകന്മാർ:

ചി. കെ. ബ്രദേർസ്, കോഴിക്കോട്.

[വില 6 ണ.

ഒന്നാം പതിപ്പ് 1955.

കോപ്പി 1000

202648

032:3x N5

J5

അച്ചടി:

പ്രകാശകൌമുദി പ്രിൻടിങ്ങ്‌വർക്ക്സ്, കോഴിക്കോട്.

# കഥകൾ.


1. വിശ്വാസത്തിന്റെ ശക്തി. .... .... 1

2. യാചകന്റെ സമ്മാനം. .... .... 5

3. കഷ്ടപ്പെടുന്നവരുടെ നാട്ടിലാണു് കാശി. .... 9

4. ഗൃഹസ്ഥനും സന്യാസിയും. .... .... 13

5. കൂപമണ്ഡൂകം. .... .... .... 22

6. പിൻതിരിയാതിരിയ്ക്കൂ, വിജയം കൈവരും. 24

7. എന്റെ ഗ്രന്ഥം. .... .... .... 29

8. സത്യത്തിന്റെ സ്ഥാനം. .... .... 35

9. പണവും പട്ടിയുടെ വാലും. .... .... 38

10. അതാണു് യജ്ഞം. .... .... .... 44

സമർപ്പണം

ശ്രീ

മാതൃപാദങ്ങളിൽ

UNIVERSITY LIBRARY
26 NOV 1964
MADRAS



ശ്രീ ശാരദാമണിദേവി

UNIVERSITY LIBRARY
26 NOV 1984

# സൗഗന്ധകഥകൾ.

## 1. വിശ്വാസത്തിന്റെ ശക്തി.

ശ്രീരാമകൃഷ്ണാശ്രമത്തിലെ യോഗിമാതാവായിരുന്ന ശ്രീശാരദാദേവിയുടെ പാവനജീവിതത്തിൽ നിന്നു് ഒരു സംഭവകഥ പറയാം. അതു് നമ്മളെ രോമാഞ്ചംകൊള്ളിക്കും.

ഒരു ദിവസം ശാരദാദേവി അമ്മയുടെ അടുക്കൽനിന്നു്—ജയരാംവാടിയിൽനിന്നു് — കല്ക്കത്തയിൽ തന്റെ ഭർത്താവിന്റെ അടുത്തേക്കു് പോവുകയായിരുന്നു. കൂടെ ബന്ധുക്കളിൽ ചിലരുമുണ്ടായിരുന്നു. ദേവിക്കു് അന്നു് പതിനെട്ടുവയസ്സു് പ്രായമാണു്.

കാൽനടയായിട്ടുതന്നെ പോകേണ്ടിയിരുന്നു ആ വഴിയാത്രയും. രണ്ടുമൂന്നു ദിവസം തുടർച്ചയായി നടന്നുകഴിഞ്ഞപ്പോഴേയ്ക്കും ശാരദ നന്നെ ക്ഷീണിച്ചു. എങ്കിലും താൻകാരണം മററുള്ളവർ താമസിക്കരുതെന്നുകരുതി കൂടെയുള്ളവരോടു് പതുക്കെ നടന്നുകൊള്ളാൻ പറഞ്ഞു, ദേവി അല്പമൊന്നു വിശ്രമിക്കാനായി വഴിയരികിൽ ഒരു മരച്ചുവട്ടിലിരുന്നു. താരകേശ്വരത്തുചെന്നു് കാത്തിരിക്കാമെന്നു് പറഞ്ഞു് കൂട്ടുകാർ യാത്രതുടർന്നു.

ക്ഷീണം അല്പമൊന്ന് ശമിച്ചപ്പോൾ ദേവി വീണ്ടും യാത്രതുടൎന്നു. അപ്പോഴേയ്ക്കും നേരം സന്ധ്യയായികഴിഞ്ഞിരുന്നു. ദേവി എത്തിയിരിക്കുന്നതോ? പിടിച്ചുപറിയ്ക്കും കൊള്ളയ്ക്കും കൊലയ്ക്കും പ്രസിദ്ധവും ഏററവും വിജനവുമായ ഒരു കാട്ടുപ്രദേശത്തിൽ. ആ കാടിന്റെ നടുവിലാണ് കൊള്ളക്കാരുടെ ആരാധനാകേന്ദ്രമായിരുന്ന കാളീക്ഷേത്രം. അവിടെ നരബലികൂടി നടക്കാറുണ്ട്.

ചുററുപാടും ഇരുട്ടിന്നു് കട്ടി കൂടിക്കൂടിവരികയാണ്. എന്നാൽ ശാരദയാകട്ടെ ശങ്കയേതുംകൂടാതെ നേരെ മുമ്പോട്ടുതന്നെനോക്കി നടക്കുകയാണ്. അപ്പോൾ ഒരു കറുത്ത സത്വം ബദ്ധപ്പെട്ട് തന്റെ നേരെ വരുന്നതായി ദേവിയ്ക്കുതോന്നി. അതിന്റെ പുറകിലായി വേറെ രണ്ടു സ്വരൂപങ്ങളുണ്ട്.—ഒരു കൂററൻകാട്ടാളനും അവന്റെ ഭാൎയ്യയും! ആ കാട്ടാളൻ കൈയിൽ ഉയൎത്തിപ്പിടിച്ചിരുന്നതു് ഒരു വലിയ കത്തിയാണ്!

ആ ഭയങ്കരനായ കാട്ടാളൻ ദേവിയുടെ മുമ്പിൽനിന്നുകൊണ്ട് ഗൎജ്ജിച്ചു. "നീയാർ?" ആ ശബ്ദം, കാട്ടിലെ ഭയാനകനിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് മുഴങ്ങി.

വിനയവും വിശ്വാസവും സ്നേഹവും നിറഞ്ഞ സ്വരത്തിൽ ദേവി പറഞ്ഞു. "അച്ഛാ, ഞാനാണ്. അച്ഛന്റെ മകൾ ശാരദ. ഗംഗാതീരത്ത് വസിക്കുന്ന അവിടുത്തെ മരുമകന്റെ അരികിലേക്ക് പോവുകയാണ്."

കാട്ടാളന്റെ ഗജ്ജനത്തെത്തുടൎന്നുണ്ടായ ശാരദയുടെ ഈ കിളിക്കൊഞ്ചൽ ആ കൊടുംകാട്ടിനെത്തന്നെ കോരിത്തരിപ്പിച്ചു.

എല്ലാം കണ്ടും കേട്ടും നിശ്ശബ്ദയായിനില്ക്കുന്ന കാട്ടാളസ്ത്രീയെനോക്കി ദേവി തുടൎന്നു: "അമ്മേ, നല്ല സമയത്തുതന്നെയാണ് അമ്മയും അച്ഛനും വന്നുചേൎന്നതു്. എന്റെ കൂടെവന്നവർ താരകേശപുരത്തിലേക്കുപോയി. ക്ഷീണം നിമിത്തം നടക്കാൻ കഴിയാതെ ഞാൻ ഈ അസമയത്തു് എന്തുചെയ്യേണ്ടു എന്നാലോചിച്ചു് നില്ക്കുകയായിരുന്നു. നിങ്ങളിപ്പോൾ ഇവിടെ വന്നില്ലെങ്കിൽ ഞാൻ എത്രമാത്രം കഷ്ടപ്പെടുമായിരുന്നു!"

കാട്ടാളന്റെ കൈയ്യിൽനിന്നു് കത്തിതാനേ നിലത്തുവീണു!

സ്നേഹവും വിശ്വാസവും നിറഞ്ഞ ദേവിയുടെ വാക്കുകൾ ആ കിരാതനെ ഒരു ദേവനാക്കി; ആ കിരാതസ്ത്രീയെ ഒരു ദേവസ്ത്രീയും.

അവർ ശാരദയെ സ്വന്തം പുത്രിയെപ്പോലെ വാത്സല്യപൂർവ്വം സാന്ത്വനപ്പെടുത്തി. ആ കൊള്ളക്കാരനും അവന്റെ ഭാൎയ്യയും തങ്ങൾക്കു പുതുതായി കിട്ടിയ ഓമനമകളേയുംകൊണ്ടു് അവരുടെ കുടിലിലേയ്ക്കു് നടന്നു. അവിടെ അവർ ദേവിയ്ക്കുവേണ്ട സകല സൌകൎയ്യങ്ങളും ചെയ്തുകൊടുത്തു.

ശാരദ സുഖമായുറങ്ങി. പിറേറന്നു രാവിലെ അവർ ദേവിയെ താരകേശപരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി, കൂട്ടുകാരെ തിരഞ്ഞുപിടിച്ചു അവരുടെപക്കൽ ഏല്പിച്ചു.

വിടവാങ്ങിപ്പോരുമ്പോൾ ആ കാട്ടാളൻെറയും അവൻെറ ഭാൎയ്യയുടേയും കണ്ണുകളിൽനിന്നു് സ്നേഹമുത്തുകൾ ഉതിർന്നുവീഴുന്നുണ്ടായിരുന്നു.

സംശയവും ഭയവും തീണ്ടാത്ത പരിശുദ്ധഹൃദയത്തിന്നു് ഒരിക്കലും ആപത്തില്ല. ഏതു ക്രൂരനേയും ഇണക്കാൻ കെൽപ്പുള്ള ആയുധമാണു് വിശ്വാസം. കാട്ടാളനേയും ദേവനാക്കാൻതക്ക മഹത്തായ ശക്തി സ്നേഹത്തിന്നുണ്ടു്.

# 2. യാചകന്റെ സമ്മാനം.

ഒരു കാട്ടിൽ ഒരു തപോധനൻ താമസിച്ചിരുന്നു. ഒരു മഹാപണ്ഡിതൻകൂടിയായിരുന്നു അദ്ദേഹം. അതിനാൽ പല സന്യാസിമാരും അദ്ദേഹത്തിന്റെ അടുക്കൽ ആദ്ധ്യാത്മികസംഭാഷണങ്ങൾ നടത്തി സംശയം തീക്കാൻ ചെന്നിരുന്നു. തന്റെ പർണ്ണശാലയിൽ വരുന്നവരെയെല്ലാം അദ്ദേഹം യഥായോഗ്യം സ്വീകരിക്കുക പതിവാണു്.

ഒരു ദിവസം ഒരു ചക്രവത്തി വേട്ടയാടിക്കൊണ്ടു് ആ പർണ്ണശാലയിൽ എത്തി. അവിടെ ശരീരം മുഴുവൻ ഭസ്മംപൂശി, ജടപിടിച്ചു, താടിനീട്ടി, കഴുത്തിൽ രുദ്രാക്ഷമാലയണിഞ്ഞു് അദ്ധനഗ്നനായി ഈശ്വരധ്യാനം ചെയ്തു വസിക്കുന്ന ആ ഋഷിപുംഗവനെ കണ്ടപ്പോൾ ചക്രവത്തിയ്ക്കു് അദ്ദേഹത്തിൽ എന്തെന്നില്ലാത്ത ഭക്തിയും ബഹുമാനവും ജനിച്ചു. ഉടനെ കുതിരപ്പുറത്തുനിന്നു് ഇറങ്ങി ആ മുനിവര്യന്റെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു.

അപ്പോൾ മഹഷി ധ്യാനനിമഗ്നനായി ഇരിയ്ക്കുകയായിരുന്നു. അതിൽനിന്നും വിമുക്തനായപ്പോൾ ഗംഭീരനായി വേഷഭൂഷാദികളണിഞ്ഞു് തന്റെ മുമ്പിൽ നില്ക്കുന്ന ചക്രവത്തിയെക്കണ്ടു. ഉടനെത്തന്നെ അദ്ദേഹത്തെ വേണ്ടപോലെ ഉപചരിച്ചിരുത്തി.

അല്പനേരം അവർതമ്മിലുണ്ടായ കുശലപ്രശ്ന ത്തിൽനിന്നു് ചക്രവത്തിക്കു് ആ മഹഷിയോടു് തോന്നിയ ഭക്തിബഹുമാനങ്ങൾ ഇരട്ടിച്ചു അദ്ദേ ഹം മഹഷിയോടു് ഇപ്രകാരം അറിയിച്ചു. "മഹാ ത്മൻ! അവിടുന്നു് എന്നെ സ്വീകരിച്ചനുഗ്രഹിച്ച തിൽ എനിക്കുള്ള നന്ദി വാചാമഗോചരമാണു്. അവിടുന്നു് ദയവുണ്ടായി എൻെറകൂടെ രാജധാനി യിലേയ്ക്കുവന്നു് എൻെറ പത്നിയേയും കുട്ടികളേയും കൂടി അനുഗ്രഹിക്കുമാറാകണം. കൂടാതെ കൊട്ടാര ത്തിൽവെച്ചു് എൻെറ ഒരെളിയ സമ്മാനം വാത്സ ല്യപൂർവ്വം സ്വീകരിക്കുവാനും ദയവുണ്ടാകണം."

"മഹാരാജാവേ! ഞാൻ വരുന്നില്ല. എനി യ്ക്കു് ഈ അവസ്ഥയിൽ, ഈ പർണ്ണശാലയിൽ താമ സിയ്ക്കുമ്പോൾ ഉണ്ടാകുന്ന സുഖമാണു് കൂടുതൽ ഇഷ്ടം. ഈ വൃക്ഷങ്ങൾ എനിയ്ക്കു് ഭക്ഷണത്തിനുള്ള ഫലങ്ങൾ യഥേഷ്ടം തരുന്നുണ്ടു്. ഈ രമണീയങ്ങ ളായ കൊച്ചരുവികൾ ആവശ്യമുള്ള ജലം തരുന്നു. ഈ പർണ്ണശാലയിൽകിടന്നു് സുഖമായുറങ്ങുന്നു. അ ങ്ങു് ചക്രവത്തിയാണു്; എന്നാലും അങ്ങയുടെ കൂടെ വരുവാനും അങ്ങയുടെ കൈയിൽനിന്നു് ഒരു വലി യ സമ്മാനം വാങ്ങുവാനും ഞാനാഗ്രഹിയ്ക്കുന്നില്ല." ആ ഋഷി മറുപടിപറഞ്ഞു.

മഹഷിയുടെ വാക്കുകൾകേട്ടു് രാജാവിന്നു് വളരെ വ്യസനമായി. അദ്ദേഹം കനത്ത ദുഃഖത്തോ

ട്ടുകൂടി മഹഷി‍യോട്ട് വീണ്ടും താണകേണപേക്ഷി ച്ചു. "മഹാശയരെ! എന്നെ തൃപ്തനാക്കുന്നതിന്നെങ്കി ലും എൻെറ കൂടെവന്ന് വല്ലതും സ്വീകരിയ്ക്കണേ! അവിടുന്ന് എന്നെ നിരാശപ്പെടുത്തരുതേ!"

ചക്രവത്തിയുടെ ഹൃദയം തുറന്നുള്ള ക്ഷണം കേ ട്ടപ്പോറം അത് നിരസിയ്ക്കുന്നതു് ശരിയല്ലെന്നു്ക ണ്ടു് മഹഷി അദ്ദേഹത്തിൻെറകൂടെ രാജധാനിയി ലേയ്ക്കു പുറപ്പെടുവാൻ തീരുമാനിച്ചു.

കനകരത്നാദികളെക്കൊണ്ടു് വിചിത്രമായലം കരിക്കപ്പെട്ടതായിരുന്നു ചക്രവത്തിയുടെ രാജധാ നി ഐശ്വയ്യലക്ഷ്മി അവിടെ സർവ്വത്ര നൃത്തമാ ടിക്കൊണ്ടിരുന്നു. നിലംമുഴുവൻ രത്നങ്ങറംപതിച്ച തായിരുന്നു. രാവേത്, പകലേത് എന്നു് തിരിച്ച റിയുവാൻകൂടി കഴിഞ്ഞിരുന്നില്ല.

ചക്രവത്തിയും മഹഷിയും കൊട്ടാരത്തിൽ എത്തി. ചക്രവത്തി മഹഷിക്കു് തൻെറ കൊട്ടാരം മുഴുവൻ നടന്നുകാണിച്ചുകൊടുത്തു. അവിടുത്തെ ഐശ്വയ്യവും സമൃദ്ധിയുംകണ്ടു് മഹഷി അത്ഭുത പ്പെട്ടു. അവസാനം ചക്രവത്തി ആ ഋഷിപുംഗവ നോട്ട് ഇപ്രകാരം പറഞ്ഞു.

"സ്വാമിൻ! എനിയ്ക്കു് പ്രാത്ഥനയ്ക്കുള്ള സമയ മായിരിക്കുന്നു. ഞാനെൻെറ പ്രാത്ഥനകഴിച്ചു് വേ ഗംവരാം. അതുവരെ അവിടുന്ന് ഇവിടെ വിശ്രമി ക്കണം."

ചക്രവത്തി പ്രാത്ഥനാമുറിയിൽ കയറി പ്രാത്ഥിക്കാൻതുടങ്ങി. മഹഷിയും ആ മുറിയിൽതന്നെ ഇരുപ്പുറപ്പിച്ചു.

കുറച്ചുസമയം കഴിഞ്ഞപ്പോൾ രാജാവു് ഇപ്രകാരം പ്രാത്ഥിക്കുന്നതായി മഹഷി കേട്ടു. "സർവ്വേശ്വരാ! അവിടുന്നു് എനിക്കു് അധികമധികം ധനവും ശക്തിയും സന്താനവും രാജ്യവും തരണേ! എന്നെ അനുഗ്രഹിയ്ക്കേണമേ!

ഇതു് കേട്ടു് മഹഷി അവിടെനിന്നും എഴുന്നേററു് പോകുവാൻ ഭാവിച്ചു. അതുകണ്ടു് ചക്രവത്തി തൻെറ പ്രാത്ഥനനിത്തി അദ്ദേഹത്തെ തടഞ്ഞു്, "സ്വാമിൻ! നില്ക്കണേ! നില്ക്കണേ! അങ്ങു് എൻെറ അടുക്കൽനിന്നു് സമ്മാനംവാങ്ങാതെ പോവുകയാണോ?" എന്നു ചോദിച്ചു.

മഹഷി ഉടനെ തിരിഞ്ഞുനിന്നു് "എടോ ഭിക്ഷക്കാരാ! ഞാൻ ഭിക്ഷക്കാരുടെ പക്കൽനിന്നു് യാചിയ്ക്കാറില്ല. നിങ്ങളെക്കൊണ്ടു് എനിക്കെന്തു തരാൻ കഴിയും! അവനവന്നുതന്നെ വേണ്ടതില്ലാത്തവനാണോ മററാരാൾക്കു് സമ്മാനം കൊടുക്കുന്നതു്? അതിനാൽ ഞാൻ പോകുന്നു" എന്നുപറഞ്ഞു.

മഹഷി ചക്രവത്തിയുടെ സമ്മാനത്തിന്നു് നില്ക്കാതെ മടങ്ങി.

# 3. കഷ്ടപ്പെടുന്നവരുടെ നാട്ടിലാണ് കാശി.

കല്ക്കട്ടയിൽ "റാണിരാസ്മണി" എന്ന ഒരു കാളീഭക്ത താമസിച്ചിരുന്നു. അവരുടെ മരുമകനായ മധുരബാബു ശ്രീരാമകൃഷ്ണൻെറ ഒരുത്തമശിഷ്യനും ഭക്തൻമായിരുന്നു. പരമഹംസരിൽ ഈശ്വരനെ ദർശിക്കുവാനും അദ്ദേഹത്തെ ഈശ്വരാവതാരമായിക്കാണുവാനും മധുരബാബുവിന്നാണ് ആദ്യമായി സാധിച്ചത്.

ധനാഢ്യനായ മധുരബാബു ഒരിക്കൽ കുടുംബസമേതം വടക്കെ ഇന്ത്യയിലേക്ക് ഒരു തീൎത്ഥയാത്ര പുറപ്പെടുവാൻ തീൎച്ചപ്പെടുത്തി. യാത്രക്ക് ശ്രീരാമകൃഷ്ണനേയും ക്ഷണിച്ചു. ശിഷ്യൻെറ ഹാൎദ്ദമായ നിൎബ്ബന്ധത്താൽ ഭഗവാൻ തീൎത്ഥയാത്രയിൽ പങ്കുകൊള്ളാമെന്ന് സമ്മതിച്ചു. 1868 ജനവരി 27-ാംനു ആ തീൎത്ഥാടനസംഘം കാശിയിലേക്കു പുറപ്പെട്ടു.

അല്പദിവസത്തിന്നിടയിൽ അവർ 'ദേവഘർ' എന്ന സ്ഥലത്തെത്തിച്ചേൎന്നു. അവിടെയുള്ള വൈദ്യനാഥക്ഷേത്രത്തിൽ ദൎശനത്തിന്നായി അവർ കുറച്ചുദിവസം അവിടെ താമസിച്ചു. ഇവിടെവെച്ച് ഒരു സംഭവമുണ്ടായി.

ശ്രീരാമകൃഷ്ണദേവനും കൂടെയുള്ളവരും അവിടെ അടുത്ത ഒരു ഗ്രാമത്തിൽ കൂടിപോവുകയായിരുന്നു. ആ ഗ്രാമനിവാസികൾ അജ്ഞാനികളും ശുചിത്വമില്ലാത്തവരും, സദാചാരബോധമില്ലാത്തവരും ആയിരുന്നു; അവർ പട്ടിണിപ്പാവങ്ങൾ കൂടിയായിരുന്നു. ജീവിതത്തിൽ ഒരിയ്ക്കലെങ്കിലും അവർ സുഖമായി വയറുനിറച്ചുണ്ണുകഴിച്ചിട്ടുണ്ടായിരിക്കുമെന്ന് തോന്നുന്നില്ല. ഒരു പുതിയ മുണ്ടുടുത്ത് ആനന്ദിയ്ക്കുവാൻ അവക്കിതുവരെ സാധിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. തെരുവുകളിലും പാതകളിലും പാതവക്കത്തും മരച്ചുവട്ടിലുമായിരുന്നു അവരുടെ താമസം. ഇപ്രകാരം മനുഷ്യജീവിതത്തിലെ സുഖസൌകര്യങ്ങളൊന്നും അല്പംപോലും അനുഭവിയ്ക്കുവാൻ സാധിക്കാതെ, എന്നും ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടുകിടന്ന് നരകിക്കുന്ന ഈ മനുഷ്യസഹോദരങ്ങളുടെ ശോച്യാവസ്ഥ കണ്ടപ്പോൾ ശ്രീരാമകൃഷ്ണദേവന്റെ ഹൃദയം അലിഞ്ഞുപോയി! അദ്ദേഹം അസ്വസ്ഥനായിത്തീന്നു. ആ കരുണാപൂണ്ണമായ കണ്ണിൽനിന്നും അശ്രുകണങ്ങൾ ഇററിററുവീണു!

സ്നേഹംകൊണ്ടും അനുകമ്പകൊണ്ടും അകമലിഞ്ഞ ഭഗവാൻ മധുരനോട് പറഞ്ഞു: "നീ ഈ പാവങ്ങൾക്ക് ഒരു സുഭിക്ഷമായ സദ്യയും, ഓരോരുത്തക്കും ഓരോ മുണ്ടും കൊടുക്കുക." മധുരൻ അ

ല്പം മടിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. "അച്ഛാ, എന്താണ് പറയുന്നതു്? നമ്മുടെ തീർത്ഥയാത്രയ്ക്കുതന്നെ പണം വളരെവേണം. ഇവരാണെങ്കിൽ ആളുകടം വളരെയുണ്ടുതാനും. ഇവരെ ഊട്ടാനും ഉടുപ്പിക്കുവാനും പുറപ്പെട്ടാൽ നമ്മുടെ കാര്യത്തിന്നു് പണം മതിയാകാതെ വരും. യാത്രക്കാവശ്യമുള്ള പണംമാത്രമേ ഞാൻ എടുത്തിട്ടുള്ളു. അതുകൊണ്ടു് തല്ക്കാലം ഇതു വേണ്ടെന്നുവെയ്ക്കുകയല്ലേ നല്ലതു്?"

കരുണാനിധിയായ പരമഹംസരുണ്ടോ അടങ്ങാൻപോകുന്നു! ആ ഗ്രാമത്തിലെ ദയനീയമായ ദാരിദ്ര്യംകണ്ടു് കണ്ണുനീർവാർത്തു് വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടുകൂടി ഭഗവാൻ പറഞ്ഞു: "മധുരാ! നീ ഇതു ചെയ്യുന്നില്ലെങ്കിൽ ഞാൻ കാശിക്കു വരുന്നില്ല. എനിയ്ക്കു കൂടുതൽ ഇഷ്ടം ഈ പാവങ്ങളുടെ കൂടെ കഴിയുകയാണു്. ഇതിലും വലിയ ഒരു തീർത്ഥസ്ഥലമുണ്ടോ? ഈ അവശക്കു് ഒരാശ്വാസമുണ്ടായിട്ടേ ഞാനിവിടുന്നു് ഒരടി മുൻപോട്ടോ പിൻപോട്ടോ നീങ്ങുകയുള്ളു."

വെറും അഞ്ചോ ആറോ വയസ്സുമാത്രം പ്രായമുള്ള ഒരു വാശിക്കുട്ടിയെപ്പോലെ പരമഹംസർ മധുരനെ വിട്ടു പാവങ്ങളായ ഗ്രാമീണരുടെ മദ്ധ്യത്തിൽപോയിരുന്നു.

ഈ സ്ഥിതിയിൽ മധുരന്നു് ഒന്നുംമിണ്ടാതെ അവിടെനിന്നു് പോകാൻ സാധിയ്ക്കുമോ? പോരെങ്കിൽ ശ്രീരാമകൃഷ്ണദേവൻ അദ്ദേഹത്തിൻെറ ജീവനമായിരുന്നു. അതിനാൽ ധനാഢ്യനായ മധുരൻ കല്ക്കട്ടയിൽനിന്നു് കെട്ടുകണക്കിനു് തുണിയും, വണ്ടിക്കണക്കിന്നു് അരിയും വരുത്തി.

ഗ്രാമീണൎക്കു് സുഭിക്ഷമായ ഒരു സദ്യ നല്കി. എല്ലാവൎക്കും വസ്ത്രവുംകൊടുത്തു. എന്തൊരാശ്വാസവും സന്തോഷവുമാണു് ആ ഗ്രാമീണൎക്ക അപ്പോൾ ഉണ്ടായിത്തീൎന്നതു് എന്നോ! ആ ഗ്രാമീണരുടെ സന്തോഷഗംഗയിൽ സ്നാനംചെയ്തതിന്നു ശേഷമേ പരമഹംസർ കാശിയിലേയ്ക്കു് പുറപ്പെട്ടുള്ളു.

---

## 4 ഗൃഹസ്ഥനും സന്യാസിയും.

ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ രാജധാനിയിൽ പല സന്യാസിമാരും വരുക പതിവാണ്. ഒരു ദിവസം ഒരു സന്യാസി അവിടെ വന്നപ്പോൾ രാജാവ്: "സ്വാമി! സന്യാസിയ്ക്കോ ഗൃഹസ്ഥനോ അധികം പ്രാധാന്യം? ആരാണ് കേമനായിട്ടുള്ളവൻ?" എന്നു ചോദിച്ചു.

സന്യാസി:—അതു് സന്യാസിക്കുതന്നെയാണ് അധികം പ്രാധാന്യം.

രാജാവ്:—സന്യാസിയ്ക്കാണ് ഗൃഹസ്ഥനേക്കാൾ അധികം പ്രാധാന്യമെന്നു് തെളിയ്ക്കാൻ കഴിയുമോ?

സന്യാസി:—അതിപ്പോൾ ..........എന്നെക്കൊണ്ടു് കഴിയുമോ?

രാജാവ്:—എന്നാൽ നിങ്ങൾ ഒരുകാര്യം ചെയ്യൂ. ഈ സന്യാസമൊക്കെ ദൂരെ വലിച്ചെറിഞ്ഞു് ഒരു ഗൃഹസ്ഥനാവൂ. ഒരു നല്ല യുവതിയെ വിവാഹംകഴിച്ച് സുഖമായി ജീവിക്കുവാൻ നോക്കു.

രാജാവ് സന്യാസിയെപറഞ്ഞയച്ചു.

പിന്നെ ഒരുദിവസം വേറൊരു സന്യാസി രാജാവിനെ കാണാൻ അവിടെവന്നു. രാജാവ് അദ്ദേഹത്തോടും മുൻപത്തെ ചോദ്യംതന്നെ ചോദിച്ചു. ആ സന്യാസി ഗൃഹസ്ഥനുതന്നെയാണ് അധികം പ്രാധാന്യം എന്നാണ് പറഞ്ഞതു്. രാജാവത് ശ

രിയാണെന്നു് തെളിയിക്കാൻ ആവശ്യപ്പെട്ടപ്പോഠം അതദ്ദേഹത്തെക്കൊണ്ടു് സാധിയ്ക്കയില്ലെന്നു പറഞ്ഞു. അദ്ദേഹത്തോടും രാജാവു് ഗൃഹസ്ഥനായി ജീവിക്കുവാൻ പറഞ്ഞുവിട്ടു.

വേറൊരു ദിവസം ഒരു യുവസന്യാസി അവിടെവന്നു. അദ്ദേഹത്തോടും രാജാവു് "സ്വാമി! ഞാൻ കുറച്ചുദിവസമായി എൻെറ ഒരു സംശയം തീക്കാൻ ശ്രമിക്കുന്നു. പലരോടും ചോദിച്ചുനോക്കി. ശരിയായ ഉത്തരം ഇതുവരെ ലഭിയ്ക്കുകയുണ്ടായിട്ടില്ല". ഇതുകേട്ടു് സന്യാസി: "മഹാരാജാവേ! എന്താണു് അങ്ങയുടെ സംശയം?"

രാജാവു്:—സന്യാസിക്കോ ഗൃഹസ്ഥനോ അധികം പ്രാധാന്യം?

സ്വാമി:—മഹാരാജാവേ! അതിൻെറ ശരിയായ ഉത്തരം ഞാൻ പറയാം. ഓരോരുത്തക്കും അവരവരുടെ സ്ഥാനത്തു് പ്രാധാന്യമുണ്ടു്. സന്യാസി സന്യാസിയുടെ സ്ഥാനത്തു് കേമനാണു്. ഒരു ഗൃഹസ്ഥൻ ഗൃഹസ്ഥൻെറ സ്ഥാനത്തും കേമനാണു്.

രാജാവു്:—അങ്ങനെയാണെങ്കിൽ അതു് ശരിയാണെന്നു് തെളിയിക്കാൻ കഴിയുമോ?

സന്യാസി:—ഓ. ഞാൻ തെളിയിച്ചുതരാം. അതിന്നൊരു 'കാൎയ്യമുണ്ടു്. രാജാവും എൻെറകൂടെ ഒന്നുവരണം.

രാജാവ് ആ സന്ന്യാസിയുടെകൂടെ പോകുവാൻ തീച്ച്പ്പെടുത്തി. തൻെറ മൂത്തമകനെ വിളിച്ച് "ഇതാ, കുമാരാ! ഞാൻ ഈ സ്വാമിയുടെ കൂടെ പോവുകയാണ്. അടുത്തുതന്നെ മടങ്ങിവരും. അതുവരെ നീ രാജ്യകാൎയ്യങ്ങളൊക്കെ ശരിക്ക് നോക്കണം."

രാജാവും സന്ന്യാസിയും രാജധാനിവിട്ട് വളരെ ദൂരംപോയി. അവസാനം അവർ മറെറാരു രാജ്യത്തിൻെറ തലസ്ഥാനത്തിലെത്തിച്ചേന്നു. അവിടുത്തെ മഹാരാജാവിൻെറ കൊട്ടാരത്തിൽ അന്ന് വലിയൊരടിയന്തിരമായിരുന്നു. രാജകുമാരിയുടെ സ്വയംവരം. നഗരം മുഴുവൻ വിവിധവൎണ്ണങ്ങളിലുള്ള തോരണങ്ങൾകൊണ്ടും കുലവാഴകൾ കൊണ്ടും അലങ്കരിച്ചിട്ടുണ്ട്. കൊട്ടാരത്തിലെ ബഹളം എത്രയാണെന്ന് പറഞ്ഞാൽ തീരില്ല. ഒരു ഭാഗത്ത് പഞ്ചവാദ്യം മുറുകുന്നു. വേറൊരുഭാഗത്ത് നാദസ്വരക്കച്ചേരി. വേറൊരു ഭാഗത്ത് ഗംഭീരമായ സദ്യ. സ്വയംവരമണ്ഡപം മുഴുവൻ സുന്ദരന്മാരായ രാജകുമാരന്മാരെക്കൊണ്ട് നിറഞ്ഞിരിയ്ക്കയാണ്.

ഈ ബഹളമെല്ലാം കണ്ടപ്പോൾ ഇവിടെ എന്താണ് നടക്കുന്നതെന്നറിയുവാൻവേണ്ടി നമ്മുടെ രാജാവും സന്ന്യാസിയും ആ കൊട്ടാരത്തിൽ ഒഴിഞ്ഞ ഒരു സ്ഥലത്തുചെന്നിരുന്നു.

സ്വയംവരത്തിന്നുള്ള സമയമായി. രാജകുമാരി മനോഹരങ്ങളായ ആഭരണങ്ങൾ ധരിച്ച്, വരണമാലയും കയ്യിൽപിടിച്ച് തോഴിമാരോടുകൂടി സ്വയംവരമണ്ഡപത്തിലേക്കുവന്നു. അവർ ഓരോ രാജകുമാരൻെറ അടുക്കലും ചെന്നു. ഏററവും സൌന്ദര്യമുള്ള ഒരു രാജകുമാരനെ തനിക്ക് ഭർത്താവായിക്കിട്ടണം എന്നാണ് രാജകുമാരിയുടെ ആഗ്രഹം.

രാജകുമാരിയെ ആഗ്രഹിച്ചുവന്നിട്ടുള്ളവരാണ് എല്ലാ രാജകുമാരന്മാരും. ഒരാൾ വിചാരിച്ചു–"രാജകുമാരി എന്നെത്തന്നെയായിരിയ്ക്കും കല്യാണം കഴിയ്ക്കുക. ഇടയ്ക്കിടയ്ക്ക് എന്നെ നോക്കുന്നുമുണ്ട്. അതാ! അതാ! എൻെറ മുഖത്തുനോക്കിച്ചിരിയ്ക്കുന്നു. എന്നെ പിടിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. എൻെറ കഴുത്തിലേ അവൾ മാലയിടുകയുള്ളൂ."

ഓരോ രാജകുമാരൻെറ അടുത്തും അവരവരുടെ മന്ത്രിമാരുമുണ്ട്. മന്ത്രിയാണ് രാജകുമാരൻെറ ഗുണഗണങ്ങളെല്ലാം പറഞ്ഞുകൊടുക്കുക. ഒരു രാജകുമാരൻ അടുത്തുനില്ക്കുന്ന മന്ത്രിയോട് "മന്ത്രി! നിൻെറ കൈയിലാണ് മുഴുവൻ കാര്യവും കിടക്കുന്നത്. നീ എന്നെപ്പററി എത്രയും പുകഴ്ത്തിപ്പറയണം. നിൻെറ വാക്കുകൊണ്ട് അവൾ എന്നിൽ ലയിക്കണം. അവൾ എന്നെ വരിച്ചാൽ നിനക്ക് എൻെറ വക ഏററവും വലിയ ഒരു സമ്മാനമുണ്ട്.

ഇങ്ങനെ ഓരോരുത്തരും രാജകുമാരിയെ എനിയ്ക്കുതന്നെ കിട്ടും എന്ന് വിചാരിച്ച് കൊതിച്ചിരുന്നു.

ഇതിന്നിടയിൽ അവിടെ ചെറുപ്പക്കാരനും തേജസ്വിയുമായ ഒരു സന്ന്യാസിവന്നു. ഈ ബഹളമെല്ലാം കാണാനിടയായപ്പോറം ഇവിടെ എന്താണ് നടക്കുന്നതെന്നറിയാമല്ലോ. എന്നു വിചാരിച്ചു അദ്ദേഹം ആളുകളുടെ ഇടയിൽ ഒരു മൂലയിൽ ഒതുങ്ങിനിന്നു.

രാജകുമാരി വരണമാലയും കൈയിൽപിടിച്ച് എല്ലാ രാജകുമാരന്മാരേയും കടന്നുപോയി. ആരേയും അവറംക്കു പിടിച്ചില്ല അവസാനം മൂലയിൽ പതുങ്ങിനില്ക്കുന്ന നമ്മുടെ ചെറുപ്പക്കാരൻ സന്ന്യാസിയെ കാണാനിടയായി. അവറംക്ക് ആ സന്ന്യാസിയിൽ അതിയായ പ്രേമം ജനിച്ചു. ഉടനെ തൻെറ കൈയിലിരിക്കുന്ന വരണമാല അദ്ദേഹത്തിൻെറ കഴുത്തിലിട്ടു. ഉടനെ സന്ന്യാസി–"ഹെയ്!......ഇതെന്തൊരു വിഡ്ഢിത്തരമാണ്? എനിക്ക് കല്യാണമോ? ഞാനൊരു സന്ന്യാസിയല്ലേ? എനിക്ക് കല്യാണംകൊണ്ടെന്തൊരു കാൎയ്യം?" എന്നു പറഞ്ഞു തൻെറ കഴുത്തിലിട്ട മാല ഊരിവലിച്ചെറിഞ്ഞു് അവിടെനിന്നും ഓടി.

രാജാവ് ഇതുകണ്ട് "അയാറംക്ക് എൻെറ മകളെ വിവാഹംകഴിക്കാൻ യോഗ്യതയില്ല എന്ന് വിചാരിച്ചിട്ടായിരിക്കും കുമാരിയെ സ്വീകരിക്കാതെ പോകുന്നതു്. പാ...വം!" എന്നുവിചാരിച്ച് ഇപ്രകാരം വിളിച്ചുപറഞ്ഞു. "ഹേ—സ്വാമീ! നി

ങ്ങൾ ഓടിപ്പോകേണ്ട. എൻെറ മകളെ നിങ്ങൾ കല്യാണം കഴിയ്ക്കുന്നതോടുകൂടി എൻെറ രാജ്യത്തിൽ പകുതി നിങ്ങൾക്കായി. എൻെറ മരണശേഷം എൻെറ രാജ്യം മുഴുവനും നിങ്ങൾക്കു കിട്ടും.''

അപ്പോഴേയ്ക്കും രാജകുമാരി വേറൊരു മാലയെടുത്ത് അയാളുടെ പിന്നാലെ ഓടി രണ്ടാമതും മാലയിട്ടു. സന്യാസി അതും വലിച്ചെറിഞ്ഞ് അവിടെ നിന്നുഓടാൻതുടങ്ങി.

രാജകുമാരിയ്ക്ക് ആ സന്യാസിയിൽ എന്തെന്നില്ലാത്ത അനുരാഗംജനിച്ചുകഴിഞ്ഞതിനാൽ അവൾ ഇപ്രകാരം തീർച്ചപ്പെടുത്തി. "ഒന്നുകിൽ അദ്ദേഹത്തെ എനിയ്ക്കു കല്യാണംകഴിയ്ക്കണം. അല്ലെങ്കിൽ എനിയ്ക്കു മരിയ്ക്കണം.'' രാജകുമാരി ആ സന്യാസിയുടെ പിന്നാലെ ഓടാൻതുടങ്ങി.

നമ്മുടെ രാജാവും സന്യാസിയും ഇതെല്ലാം കണ്ടുനിന്നിരുന്നു. സന്യാസി രാജാവിനോട് "മഹാരാജാവേ! നമുക്കും അവരുടെ പിന്നാലെ പോകാം.'' എന്നുപറഞ്ഞ് അവർ രണ്ടുപേരും രാജകുമാരിയുടെ പിന്നാലെ ഓടാൻ തുടങ്ങി. മുമ്പിൽ പോയ സന്യാസി ഓടിയോടി ഒരു കാട്ടിൽ എത്തി രാജകുമാരിയും ഒപ്പമെത്തി.

ആദ്യംപോയ സന്യാസിക്ക് ആ കാട്ടിൽ നല്ല പരിചയമുണ്ടായിരുന്നതുകൊണ്ട് പെട്ടെന്ന് ഒരിടത്ത് ഒളിക്കുവാൻ കഴിഞ്ഞു. അതിനാൽ രാജകുമാ

രിക്കു് സന്ന്യാസിയെ കാണാനില്ലാതായി. സമയം രാത്രിയായതിനാലും കാട്ടിൻെറ നടുക്കെത്തിയതിനാലും മടങ്ങുവാനുള്ള വഴി അറിയാഞ്ഞതിനാലും രാജകുമാരി അവിടെ ഒരു മരത്തിൻെറ ചുവട്ടിൽ ഇരുന്നു് കരയാൻതുടങ്ങി. അപ്പോഴാണു് നമ്മുടെ രാജാവും സ്വാമിയുംകൂടി അവിടെ എത്തിയതു്.

കരഞ്ഞുകൊണ്ടിരിയ്ക്കുന്ന രാജകുമാരിയോടു് അവർ ഇപ്രകാരം പറഞ്ഞു. "കുട്ടീ, നീ കരയാതിരിക്കു! നിനക്കു് കൊട്ടാരത്തിലേയ്ക്കുള്ള വഴി ഞങ്ങൾ കാണിച്ചുതരാം. ഇപ്പോൾ ഏതായാലും രാത്രിയായതിനാൽ വഴികണ്ടുപിടിക്കാൻ പ്രയാസമാണു്. നാളെ നേരം പുലന്നാൽ ഞങ്ങൾ നിന്നെ കൊട്ടാരത്തിൽകൊണ്ടുപോയി ആക്കിത്തരാം. ഇന്നു രാത്രി നമുക്കെല്ലാവക്കും ഇവിടെത്തന്നെ കഴിച്ചുകൂട്ടാം."

അവർ മൂന്നുപേരും അന്നവിടെ കഴിച്ചുകൂട്ടാൻ തീച്ചപ്പെടുത്തി. അവർ ഒരു മരത്തിൻെറ ചുവട്ടിൽ ഇരുപ്പുറപ്പിച്ചു.

ആ മരത്തിൻെറ മുകളിൽ ഒരു പക്ഷിയും അതിൻെറ ഭാൎയ്യയും അവരുടെ മൂന്നു കുട്ടികളും താമസിച്ചിരുന്നു. മരത്തിൻെറ ചുവട്ടിൽ ഇരിയ്ക്കുന്ന ആളുകളെക്കണ്ട പക്ഷി അതിൻെറ ഭാൎയ്യയോടു് ഇപ്രകാരം പറഞ്ഞു.

“ഇന്നു് നമ്മുടെ വീട്ടിൽ മൂന്നതിഥികൾ വന്നിട്ടുണ്ടു്. അവരെ വേണ്ടപോലെ ഉപചരിയ്ക്കേണ്ടതു് നമ്മുടെ ധമ്മമാണു്. ആദ്യമായി അവരെ ഈ തണുപ്പിൽനിന്നു് രക്ഷിയ്ക്കണം. കഠിനമായ മഞ്ഞു് കാരണം അതാ, കണ്ടില്ലേ, അവർ വല്ലാതെ വിറയ്ക്കുന്നു! വേഗം എവിടെനിന്നെങ്കിലും കുറച്ചു തീ കൊണ്ടുവന്നു് കൊടുക്കാതിരുന്നാൽ അവർ തണുത്തു് മരിച്ചുപോകും.”

ഗൃഹസ്ഥനായ പക്ഷി എവിടേയോ പോയി ഒരു തീക്കനല്ലു് കൊത്തിക്കൊണ്ടുവന്നു അവരുടെ മുമ്പിൽഇട്ടു. രാജാവും സന്യാസിയും കുറച്ചുണങ്ങിയ വിറക്ശേഖരിച്ചു് തീകത്തിച്ചു. അവർ മൂന്നുപേരും തീക്കായാൻ തുടങ്ങി.

പക്ഷി വീണ്ടും അതിന്റെ ഭാര്യയോടു് പറഞ്ഞു. “പ്രിയേ, അവൎക്കു് തിന്നാൻ വല്ലതും കൊടുക്കണ്ടേ? അവർ വളരെ വിശന്നാണിരിയ്ക്കുന്നതു്. എന്നാൽ നമ്മുടെ പക്കൽ അവൎക്കുകൊടുപ്പാൻ യാതൊന്നുമില്ലതാനും. അതുകൊണ്ടു് ഞാനെന്റെ ശരീരംതന്നെ അവൎക്കു് ആഹാരമായി കൊടുക്കാൻ പോവുകയാണു്.” ഉടനെ ആ പക്ഷി മരച്ചുവട്ടിൽ അതിഥികളുടെ മുമ്പിൽ കത്തിക്കൊണ്ടിരിക്കുന്ന തീയിൽചാടി. പക്ഷിയെരക്ഷിക്കാൻ രാജാവു് ശ്രമിച്ചു. പക്ഷെ, നിഷ്ഫലമായി.

തള്ളപ്പക്ഷി കുഞ്ഞുങ്ങളോടു് ഇപ്രകാരം പറഞ്ഞു. “ഒരു പക്ഷിയുടെ മാംസംകൊണ്ടു് അവൎക്കു

മൂന്നുപേക്കുംകൂടി എന്താവാനാണ്? വീട്ടിൽവരുന്ന വരെ തൃപ്തിപ്പെടുത്തി അയക്കേണ്ടതു് നമ്മുടെ കടമ യല്ലെ? അതുകൊണ്ടു് ഞാനും ആ തീയിൽചാടി അതിഥികളുടെ ആഹാരമായിത്തീരട്ടെ.'' ആ പെ ൺപക്ഷി തൻെറ ആൺപക്ഷിയെ അനുകരിച്ചു.

ഇതുകണ്ടു് അവരുടെ മൂന്നു കുഞ്ഞുങ്ങളും വി ചാരിച്ചു. ഏതായാലും അച്ഛനും അമ്മയും അവരു ടെ ആഹാരമായിത്തീൎന്നു. അച്ഛനമ്മമാരുടെ ഉദ്ദേശ ത്തെ നിർവ്വഹിക്കേണ്ടതു് പുത്രന്മാരുടെ ധൎമ്മമാണ്. അതുകൊണ്ടു് നമുക്കും ആ തീയിൽചാടി അതിഥി കൾക്കു് ആഹാരമായിത്തീരാം.''

അവരെല്ലാവരും ആ കത്തിയെരിയുന്ന തീ യിൽ ചാടി!

പിറേറന്നു് പ്രഭാതമായപ്പോൾ രാജാവും സ ന്ന്യാസിയുംകൂടി രാജകുമാരിയെ രാജധാനിയിൽ കൊണ്ടുപോയിക്കൊടുത്തു.

അതിന്നുശേഷം സന്ന്യാസി രാജാവിനോടു് പറഞ്ഞു: "മഹാരാജാവേ! ഓരോരുത്തരും അവര വരുടെ സ്ഥാനത്തു് കേമന്മാരാണ് എന്നു ഇപ്പോൾ തെളിഞ്ഞുവല്ലോ? നിങ്ങൾക്കു് ഗൃഹസ്ഥനാവണ മെന്നാഗ്രഹമുണ്ടെങ്കിൽ ആ പക്ഷിയെപ്പോലെ ആ വുക. അതല്ല നിങ്ങൾക്കു് സന്ന്യാസിയാവണമെ ന്നാണാഗ്രഹമെങ്കിൽ ആ രാജകുമാരി മാലയിട്ട സന്ന്യാസിയെപ്പോലെയാവുക!''

## 5. കൂപമണ്ഡൂകം.

ഒരു പൊട്ടക്കിണററിൽ ഒരു തവളയുണ്ടായിരുന്നു. ആ കിണററിലാണതു് ജനിച്ചതും വളന്നതും. അതിന്നപ്പുറത്ത് പോയിട്ടില്ല. അതിന്നപ്പുറത്തു് ഒരു ലോകമുള്ളതായി അതറിഞ്ഞിട്ടുമില്ല. വെള്ളത്തിൽനിന്നു് കിണററിൻെറ പടവിലേക്കും തിരികെ വെള്ളത്തിലേയ്ക്കും ചാടിക്കളിയ്ക്കുകയായിരുന്നു അവൻെറ മുഖ്യവിനോദം.

അക്കാലത്തൊരുദിവസം സമുദ്രവാസിയായ ഒരു തവള ആ കിണറു സന്ദശിക്കുവാനിടയായി. അതിഥിയുടെ നേരെ കണ്ണുരുട്ടിക്കൊണ്ടു് കിണററിലെ തവള ചോദിച്ചു: "ഹേ മിസ്റ്റർ, നിങ്ങൾ എവിടുന്നാണു്?"

കടൽത്തവള സൌമ്യമായി പറഞ്ഞു. "ഞാൻ കടലിൽനിന്നാണു്."

കിണററിലെ തവള:— കടലോ? അതെന്താണു്?"

കടൽത്തവള:—"വിസ്തൃതമായ പാരാവാരം."

ആതിഥേയൻ കിണററിൻെറ ഒരു ഭാഗത്തുനിന്നു് മറെറാരുഭാഗത്തേയ്ക്കു് കുതിച്ചുചാടിക്കാണിച്ചുകൊണ്ടു് ചോദിച്ചു. "ഹിത്രയും വലുതാണോ നിങ്ങളുടെ കടൽ?"

കടൽതവള ഉറക്കെചിരിച്ചു. "കഷ്ടം! കഷ്ടം! നിങ്ങളെന്തറിയുന്നു, കടലിനെപ്പററി?"

"ഈ കിണറിനോളമുണ്ടോ കടൽ?"

"ഈ കിണറിനേക്കാളും എത്രയെത്ര വലുതാണ് കടൽ! ഇവയെ തമ്മിൽ താരതമ്യപ്പെടുത്താനേ നിവൃത്തിയില്ല."

തൻെറ കിണർമാത്രം കണ്ടിട്ടുള്ള നമ്മുടെ കിണർത്തവളയ്ക്ക് ഇതൊട്ടും പിടിച്ചില്ല. അയാറം കോപസ്വരത്തിൽ പറഞ്ഞു. "എടാ, നീയൊരു പെരുംനുണയനാണ്! നീ പറയുന്നതൊന്നും വിശ്വസിയ്ക്കാൻവയ്യ. എൻെറ ഈ കിണറിനോളം വലുപ്പമുള്ള യാതൊന്നും യാതൊരിടത്തുമില്ല. അക്കാര്യത്തിൽ എനിയ്ക്ക് യാതൊരു സംശയവുമില്ല. ഇനിയും നീ എൻെറ മുമ്പിൽനിന്ന് നുണപറയാൻ ഞാൻ സമ്മതിയ്ക്കയില്ല. ഉം. കടക്ക് പുറത്ത്! അല്ലെങ്കിൽ നിന്നെ ഞാൻ..........! ആ കൂപമണ്ഡൂകം കണ്ണുരുട്ടി, പല്ലുകടിച്ചു, മുഷ്ടിയുരുട്ടി!

കടലിലെ തവള ഇതുകേട്ട് കുടുകുടെ ചിരിച്ചു. എങ്ങനെ ചിരിയ്ക്കാതിരിക്കും?

ഞാനൊരു ഹിന്ദുവാണ്. ഞാൻ ഈ കിണററിലിരുന്ന് ഇതാണ് ലോകമെന്ന് വിചാരിയ്ക്കുന്നു.

ഞാനൊരു മുസ്ലീമാണ്. ഈ കിണററിന്ന് പുറത്തൊരു ലോകമില്ലെന്ന് ഞാൻ വിചാരിയ്ക്കുന്നു.

ഞാനൊരു കൃസ്ത്യാനിയാണ്. ഈ കിണററിനേക്കാറം വലുതായി യാതൊന്നുംതന്നെയില്ലെന്ന് ഞാൻ വിചാരിയ്ക്കുന്നു.

# 6. പിന്തിരിയാതിരയ്ക്കൂ, വിജയം കൈവരും.

ഒരിക്കൽ ഒരു രാജ്യത്ത് ഭയങ്കരമായ ഒരു വരൾച്ച ബാധിച്ചു. ജലാശയങ്ങളെല്ലാം വററിവരണ്ടു തുടങ്ങി. കൃഷിയെല്ലാം ഉണങ്ങിയമട്ടായി. കൃഷിക്കാർ നെഞ്ഞത്ത് കൈവെച്ച് മേലോട്ട് നോക്കിത്തുടങ്ങി.

ചില പരിശ്രമശാലികൾ അടുത്തുള്ള ഒരു പുഴയിൽനിന്ന് തോടുകീറി അതുവഴി തങ്ങളുടെ വയലുകളിലേയ്ക്കു വെള്ളം കൊണ്ടുവരുവാൻ തീച്ചപ്പെടുത്തി. ആ പുഴ ഒന്നുമാത്രമേ അന്നാട്ടിൽ വെള്ളമുള്ളതായി അവശേഷിച്ചിരുന്നുള്ളു.

കൂട്ടത്തിൽ ഒരു ചെറുപ്പക്കാരൻ ഒരു ദിവസം രാവിലെ തൻെറ വയലിലേയ്ക്കും ഒരു തോടുകീറുവാൻ തുടങ്ങി. ഉച്ചയായപ്പോൾ അയാളുടെ ഭാൎയ്യ അവിടെവന്ന് അയാളോട്ട് അല്പം ശുണ്ഠിയോടെയാണെങ്കിലും കൊഞ്ചിക്കൊണ്ടുപറഞ്ഞു. "അല്ല, നേരം ഒരുപാടായല്ലൊ, ഇനിയും ജോലി മതിയാക്കാറായില്ലെ? കുളിയ്ക്കേം ഊണുകഴിയ്ക്കേം ഒന്നുംവേണ്ടേ? എന്തിനാ ഇത്ര ബുദ്ധിമുട്ടി പണി എടുക്കുന്നത്? നാളേം ആയിക്കൂടെ ഇത്?"

ഭാൎയ്യയുടെ പരിഭവത്തിൽ പൊതിഞ്ഞ മധുരവാക്കുകളിൽ മുഴുകിയ ആ കൃഷിക്കാരൻ "എന്നാ

ൽ ഇനി നാളെയാവാം, അല്ലെ? നമുക്കു വീട്ടിലേ ക്കുപോകാം." എന്നുപറഞ്ഞു് കൈക്കോട്ടുമെടുത്തു് അവളുടെ പിന്നാലെ വീട്ടിലേക്കു മടങ്ങി.

വേറൊരു കൃഷിക്കാരൻ "ഇന്നു് പുഴയിൽനി ന്നു് എൻെറ വയലിലേക്കു് വെള്ളം ഒഴുകുന്നതുവ രെ ഞാനീ മൺവെട്ടി താഴെ വെക്കില്ല്യ!" എന്നു സത്യം ചെയ്തുകൊണ്ടു് തോടുകീറാൻ തുടങ്ങി. നേ രം ഉച്ചതിരിഞ്ഞു സാധാരണ അയാൾ കുളിച്ചൂണു കഴിക്കുന്ന സമയം കഴിഞ്ഞു അപ്പോൾ വീട്ടിൽനി ന്നു് ഭാര്യ മകളെ വയലിലേക്കു് പറഞ്ഞയച്ചു.

മകൾ അച്ഛൻെറ അടുക്കൽ വന്നു പറഞ്ഞു: "അച്ഛാ! ഉണ്ണാറായില്ല്യോ? അമ്മേം ഞാനും എത്ര നേരായി കാത്തിരിക്കുന്നു? ഇനി പിന്ന്യാവാം അച്ഛാ"

സ്നേഹം വഴിഞ്ഞൊഴുകുന്ന ആ കൊച്ചുമകളു ടെ നിർബ്ബന്ധം അയാളുടെ മനസ്സിലേക്കു് കടന്നില്ല. ആ കൃഷിക്കാരൻ തൻെറ പണി മുറക്കു് നടത്തി ക്കൊണ്ടിരുന്നു. അല്പനേരം കഴിഞ്ഞു് "മോളേ, നീ പോയി ഊണുകഴിച്ചോളൂ. അമ്മയോടും ഉണ്ടോ ളാൻ പറയൂ. എൻെറ ജോലി തീരാതെ എനിക്കു് തരമില്ല്യ.' എന്നുപറഞ്ഞു് കുട്ടിയെ മടക്കിയയച്ചു.

നേരം മൂന്നുമണികഴിഞ്ഞു. കുളിക്കണമെന്നോ ഊണുകഴിക്കണമെന്നോ, ഒന്നു വിശ്രമിക്കണമെന്നു പോലുമോ ഉള്ള വിചാരം അയാൾക്കില്ല. ഭർത്താ

വിനെ കാത്തിരുന്നു് കാത്തിരുന്നു് ക്ഷമയുടെ നെല്ലിപ്പടി കണ്ടുകഴിഞ്ഞ ഭാൎയ്യ വയലിലെത്തി. വിയത്തൊലിച്ച് കുനിഞ്ഞുനിന്നു മണ്ണുവെട്ടിക്കേററുന്ന ഭൎത്താവിന്റെ കൈക്കോട്ടിന്മേൽ കടന്നുപിടിച്ചു കൊണ്ടു് അവൾ പറഞ്ഞു. "നേരം ഇത്രയായിട്ടും പണി മതിയാക്കാറായില്ലേ? കുളിയ്ക്കേം ഊണുകഴിയ്ക്കേം ഒന്നും വേണ്ടേ? ചോറെല്ലാം തണുത്തുചീത്തയായി. ഇങ്ങനെ വീൎപ്പില്ലാതെ ജോലിയെടുക്കേണ്ട ആവശ്യമെന്താണു്? ഇനി നാളെചെയ്താലും പോരെ? എല്ലാററിനുമില്യെ ഒരതിര്? മററുള്ളോരു് കാത്തിരുന്നു് കാത്തിരുന്നു് മുഷിഞ്ഞു. എന്തൊരു കഷ്ടമാണു്?"

ഭാൎയ്യയുടെ പരിഭവങ്ങൾ കേട്ടപ്പോൾ കോപാക്രാന്തനായ ആ കൃഷിക്കാരൻ അവളെ മാററിനിൎത്തി കിള തുടൎന്നുകൊണ്ടു പറഞ്ഞു. "നീ എന്താണു് പറയുന്നതു്? മഴകിട്ടാതെ കൃഷിയെല്ലാം ഉണങ്ങുന്നതു് കണ്ടില്ലെ? ഈ ഞാറുണങ്ങിപ്പോയാൽ നമ്മുടെ കുഞ്ഞിമക്കൾക്കു് കഞ്ഞികൊടുക്കുന്നതെങ്ങിനെയാണു്? എല്ലാവരും പട്ടിണികിടന്നു് ചാവേണ്ടിവരില്ലെ?"

ഭൎത്താവിന്റെ വാക്കുകൾ കേട്ടു് തലതാഴ്ത്തി നില്ക്കുന്ന ഭാൎയ്യയോടു് അയാൾ വീണ്ടും പറഞ്ഞു. "ഓൎത്തോള്ളൂ! ഞാനിന്നൊരു സത്യം ചെയ്തിരിയ്ക്കുയാണു്. ഈ തോട്ടിൽക്കൂടി പുഴയിൽനിന്നു് നമ്മുടെ

വയലിലേയ്ക്കു് വെള്ളം ഒഴുകുന്നതുവരെ ഞാൻ കിള യ്ക്കും. എന്നിട്ടേ കുളിയ്ക്കുകയോ, ഊണുകഴിയ്ക്കുകയോ ചെയ്യുകയുള്ളു ''

ഭർത്താവിൻെറ ദൃഢനിശ്ചയം ഇളക്കുക അസാ ദ്ധ്യമെന്നുകണ്ടു് ഭാര്യ പിന്നീടൊന്നും പറയാതെ വീ ട്ടിലേക്കുതന്നെ മടങ്ങിപ്പോയി.

കൃഷിക്കാരൻ ഒന്നു നിവന്നുനില്ക്കുകപോലും ചെയ്യാതെ തോടുവെട്ടൽ തുടന്നു. കഠിനാദ്ധ്വാനം കൊണ്ടും സൂര്യൻെറ മഹാതപംകൊണ്ടും അയാഠം കണക്കിലധികം ക്ഷീണിച്ചുകഴിഞ്ഞു. അയാളുടെ തൊണ്ട വററിവരണ്ടു. എന്നിട്ടും അയാഠം പണി നി ത്തിയില്ല.

നേരമായപ്പോഠം പകലോൻ പടിഞ്ഞാട്ടുപോ യി. പക്ഷികഠം അന്നത്തെ ഇരതേണ്ടൽ അവസാ നിപ്പിച്ച് കൂടുകളിലെത്തി. എല്ലാ ഗൃഹങ്ങളിലും വിളക്കുവെച്ചു. കുട്ടികഠം നാമം ജപിക്കാൻതുടങ്ങി. സന്ധ്യാദേവിയുടെ എഴുന്നള്ളത്താണു്. അതുകഴി ഞ്ഞു് പിന്നേയും കുറെ കഴിഞ്ഞിട്ടാണു് ആ കഷ്ക ന്നു് തൻെറ തോടു് പുഴയോടു് ചേക്കാൻ സാധി ച്ചതു്.

പുഴവെള്ളം കളകളാരവത്തോടെ ആ തോടു വഴി അയാളുടെ വയലിലേക്കു് ഒഴുകാൻതുടങ്ങി. ആ വയലിൽ മുഴുവൻ വെള്ളം ഓളംവെട്ടിക്കളിച്ചു.

ആ കൃഷിക്കാരൻെറ മനസ്സിൽ ആനന്ദവും അതുപോലെ അലതല്ലിയൊഴുകി. അയാാം വരമ്പത്തുകയറി വയലിൽ വെള്ളം പരക്കുന്നത് നോക്കിക്കണ്ടു് ആനന്ദത്തിലാറാടി കുറെനേരം അങ്ങനെ നിന്നു.

അയാാം വീട്ടിൽ ചെന്നപ്പോാം നേരം ഒട്ടധികം ഇരുട്ടിക്കഴിഞ്ഞിരുന്നു. ചെന്ന ഉടനെ കോലായിന്മേൽ തൂണുംചാരി ഇരുന്നു് ഭാൎയ്യയെവിളിച്ച് "ഒന്നു മുറുക്കാൻ നോക്കട്ടെ........" എന്നുപറഞ്ഞു. ചെല്ലവുംകൊണ്ടു് സമീപത്തെത്തിയ ഭാൎയ്യയോടു് അയാാം "ഇനി എനിയ്ക്കു് കുറച്ച് എണ്ണതരൂ! ഒന്നു തേച്ചുകുളിക്കട്ടെ. ഇപ്പോാം സമാധാനമായി. ഊണുവേഗം തെയ്യാറാക്കൂ!" എന്നുപറഞ്ഞു.

അയാാം എണ്ണതേച്ച് കുളിച്ച് സുഖമായൂണു് കഴിച്ച് സംതൃപ്തിയോടും സന്തോഷത്തോടുംകൂടി കിടന്നുറങ്ങി.

# 7. എന്റെ ഗ്രന്ഥം.

വടക്കെ മലബാറിൽ "കൊട്ടിയൂർ" എന്നു പേരായി പ്രസിദ്ധപ്പെട്ട ഒരു ഹൈന്ദവപുണ്യക്ഷേത്രമുണ്ടു്. ക്രൂരമൃഗങ്ങൾ നിറഞ്ഞ ഒരു ഭയങ്കരവനത്തിന്റെ മദ്ധ്യത്തിലാണു് ആ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. കൊല്ലത്തിലൊരിയ്ക്കൽ അവിടെ ഗംഭീരമായ ഒരുത്സവം നടത്താറുണ്ടു്. ഇരുപത്തൊന്നുദിവസമാണത്രെ ഈ ഉത്സവം കൊണ്ടാടാറുള്ളതു്. കാട്ടുവഴിയായതിനാൽ ഉത്സവം തുടങ്ങുന്ന ദിവസം മുതൽ വിവിധദേശങ്ങളിൽനിന്നും ആളുകൾ ഒരുമിച്ചു് അവിടെ ചെല്ലുകയും ദർശനംകഴിഞ്ഞു് ഒന്നായിത്തന്നെ മടങ്ങുകയും ചെയ്തുകൊണ്ടിരിയ്ക്കും. അവസാനദിവസത്തെ ഉത്സവം കഴിഞ്ഞാൽ പിന്നെ ആരും അവിടെ നില്ക്കുകയില്ല. ഉത്സവകാലങ്ങളിലല്ലാതെ ഒരൊറ്റ മനുഷ്യജീവി ആ പ്രദേശത്തേക്കു് ചെല്ലുവാൻ പാടില്ല എന്നുമുണ്ടത്രെ!

വളരെക്കാലംമുമ്പു് അവിടെ നടന്ന ഒരു കഥ പറയാം. ഒരുകൊല്ലം ഉത്സവമെല്ലാം കഴിഞ്ഞു് ജനങ്ങളെല്ലാവരും പതിവനുസരിച്ചു് അമ്പലത്തിൽനിന്നു് തിരിച്ചുവന്നു. ... ാന്തിയും നടയടച്ചു് ജനക്കൂട്ടത ... ക്ഷേത്രവും പരിസരങ്ങളും വ ... മായിത്തീർന്നു.

MUL
202648
202648
0321:3xN5
UNIVERSITY LIBRARY
26 NOV 1984

ജനക്കൂട്ടം ക്ഷേത്രപരിധിയിൽനിന്നും വളരെ ദൂരം പോന്നുകഴിഞ്ഞപ്പോൾ ഒരു ബ്രാഹ്മണൻ പെട്ടെന്ന് പൊട്ടിക്കരഞ്ഞുകൊണ്ട് – അയ്യോ! ഞാനെൻെറ ഗ്രന്ഥമെടുത്തില്ല! കൂട്ടുകാരെ, നിങ്ങൾ കുറച്ചുസമയം ഇവിടെയൊന്ന് നില്ക്കണേ! ഞാൻ വേഗം അമ്പലത്തിൽപോയി അതെടുത്തുവരാം. ഞാൻ നിത്യവും പാരായണം ചെയ്യുന്ന ഭാഗവതഗ്രന്ഥമാണത് അതില്ലാതെ എനിക്ക് ഒരു ദിവസം പോലും കഴിച്ചുകൂട്ടാൻവയ്യ. ഞാനോടിപ്പോയി അതെടുത്തുവരാം."

"എന്താ നമ്പൂരി, പറയുന്നത്? അമ്പലത്തിലേക്ക് മടങ്ങിപ്പോവുകയോ! ഉത്സവം കഴിഞ്ഞ് മടങ്ങിയാൽ അങ്ങോട്ട് തിരിച്ചുപോകുവാൻ പാടില്ല എന്നറിയില്ല്യേ? പോകുവാൻ പാടില്ല ഞങ്ങൾ സമ്മതിക്കുകയില്ല." കൂട്ടുകാർ അദ്ദേഹത്തെ വിലക്കി.

ജനങ്ങളുടെ വിശ്വാസത്തിന്നും അഭിപ്രായത്തിന്നും എതിരായി നടക്കാൻ പാടില്ലല്ലൊ എന്ന് വിചാരിച്ച് നമ്പൂതിരി വീണ്ടും മററുള്ളവരുടെ കൂടെ നടക്കുവാൻ തുടങ്ങി. എങ്കിലും ഭാഗവതഗ്രന്ഥത്തെക്കുറിച്ചുള്ള വിചാരം അദ്ദേഹത്തിൻെറ മനസ്സിനെ അത്യധികം വേദനിപ്പിച്ചുകൊണ്ടിരുന്നു. അല്പദൂരം ചെന്നതേയുള്ളൂ. അദ്ദേഹം വീണ്ടും അവിടെനിന്ന് കരഞ്ഞുകൊണ്ടുപറഞ്ഞു.

"കൂട്ടകാരെ, നിങ്ങഠം നടന്നുകൊള്ളുവിൻ, ഞാൻ പുസ്തകം എടുത്തിട്ടേ മടങ്ങുന്നുള്ള നിത്യവും പാരായണംചെയ്ത് പരമാനന്ദമനുഭവിയ്ക്കുന്ന ആ ഗ്രന്ഥം കളഞ്ഞിട്ട് ഞാനെൻെറ ഇല്ലത്തേയ്ക്ക് മടങ്ങുവാൻ ആഗ്രഹിയ്ക്കുന്നില്ല. എന്നെ തടുക്കരുത്."

ഉടനെ ആളുകളിൽ ഒരാഠം ഇപ്രകാരം പറഞ്ഞു: "നമ്പൂതിരി! ഇതാപത്തിനാണ്, ഗ്രന്ഥം കിട്ടുകയില്ലെന്നു മാത്രമല്ല അങ്ങയ്ക്ക് ആപത്തുകൂടി നേരിട്ടേയ്ക്കും. പോയതുപോകട്ടെ. വേറൊന്ന് എഴുതിയുണ്ടാക്കാം. അങ്ങ് അവിടേയ്ക്ക് മടങ്ങിപ്പോകണ്ട."

കൂട്ടകാരുടെ വാക്കുകഠം നമ്പൂതിരിയുടെ വ്യസനത്തെ വദ്ധിപ്പിക്കുകയാണുണ്ടായത്.

അദ്ദേഹം വീണ്ടും ഉറക്കെ കരയാൻ തുടങ്ങി. "എൻെറ ഗുരുവായൂരപ്പ! അവിടുന്ന് എന്നെ ഇങ്ങനെ കഷ്ടത്തിലാക്കുകയാണോ? ഞാനിനി എങ്ങനെ അവിടുത്തെ കഥകഠം പാരായണംചെയ്യും? ഭഗവാനെ! എന്നെ ഈ ദുഃഖത്തിൽനിന്നും വിമുക്തനാക്കിത്തരണേ!"

ആ നമ്പൂതിരി മനസ്സിൽ ഇപ്രകാരം ഉറച്ചു. "ഞാനിനി തിരികെപ്പോയി ഗ്രന്ഥം എടുത്തിട്ടേ ഇല്ലത്തേക്കുള്ളു. മരിയ്ക്കുകയാണെങ്കിൽ മരിയ്ക്കട്ടെ ഒരു നല്ലകാര്യത്തിന്നുവേണ്ടിയാണല്ലൊ പോകുന്നത്. ഇല്ലത്തുപോയി ഭാര്യാപുത്രാദികളുമായി ജീവിയ്ക്കുമ്പോഠം ഉണ്ടാകുന്ന ആനന്ദത്തിനേക്കാഠം ഉപരി

യായിട്ടുള്ള ഒരാനന്ദമാണ് എനിയ്ക്കു ഭഗവാന്റെ കഥ പാരായണം ചെയ്യുമ്പോൾ ഉണ്ടാകാറുള്ളത്. അതുകൊണ്ട് ഭഗവാൻ എന്നെ രക്ഷിക്കാതിരിക്കയില്ല.''

അദ്ദേഹം ധൈര്യപൂർവ്വം നേരെ അമ്പലത്തിലേക്ക് നടന്നു. കൂട്ടുകാരെല്ലാം അവരവരുടെ നാട്ടുകളിലേക്കും തിരിച്ചു. നമ്പൂതിരി ഏകനായി ഗുരുവായൂരപ്പനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടാണ് അമ്പലത്തിലേക്ക് പോകുന്നതു്. ആന, കരടി, പുലി, സിംഹം മുതലായ ക്രൂരമൃഗങ്ങൾ കാട്ടിന്റെ ഉള്ളിൽ യഥേഷ്ടം വിഹരിയ്ക്കുകയാണ്. മനുഷ്യരുടെ ഉത്സവം കഴിഞ്ഞാൽ പിന്നെ അവരുടെ ഉത്സവമാണവിടെ.

ഗ്രന്ഥപാരായണത്തിലുള്ള അതിയായ പ്രേമംകൊണ്ടും ഭഗവാനിൽ മനസ്സുറപ്പിച്ചിരിക്കുന്നതുകൊണ്ടും ഈ മൃഗങ്ങളെയൊന്നിനേയും കാണാതെ ദൃഢചിത്തനായിപ്പോകുന്ന ഈ ബ്രാഹ്മണൻ ആരാണ്? ശ്രീകൃഷ്ണകർണ്ണാമൃതം, ജ്ഞാനപ്പാന മുതലായ പാവനഗ്രന്ഥങ്ങളുടെ കർത്താവും ഗുരുവായൂരപ്പന്റെ ഉത്തമഭക്തനുമായ പൂന്താനം നമ്പൂതിരിയാണത്.

ഭക്തശിരോമണിയായ പൂന്താനം അമ്പലത്തിൽ എത്തിയപ്പോൾ കണ്ട കാഴ്ച അത്യാശ്ചര്യകരമായിരുന്നു. പൂന്താനം വെച്ചുമറന്നുപോയ ഭാഗവതഗ്രന്ഥം എടുത്ത് പരമേശ്വരനും ശ്രീപാർവ്വതിയും

വായിക്കുകയാണ്. പാർവ്വതി വായിച്ചുതഥ്ഥംപറയു ന്നു പരമേശ്വരൻ അതു കേട്ടുകൊണ്ടിരിക്കുന്നു. ദേവിക്കാകട്ടെ പൂന്താനം വായിക്കുന്നത്ര നന്നായിട്ടു് വായിക്കുവാൻ സാധിക്കുന്നില്ല. നാരദൻ മുതലായ മുനിപുംഗവന്മാരും മററനേകം ദേവന്മാരും ഭാഗവതശ്രവണത്തിന്നു് സന്നിഹിതരായിട്ടുണ്ടു്. പൂന്താനവും അവരുടെകൂടെ പോയി ഇരുന്നു അടുത്തകൊല്ലം ഉത്സവം അടുക്കുന്നതുവരെ അവർ വായന നടത്തി.

പൂന്താനവും അവരുടെകൂടെ ഭാഗവതാമൃതം ആസ്വദിച്ചുകൊണ്ടിരുന്നതിനാൽ കൊല്ലം പോയതറിഞ്ഞില്ല

ഉത്സവം തുടങ്ങുന്നതിന്നു് തലേദിവസം പാർവ്വതീപരമേശ്വരന്മാരും മററ ദേവർഷികളും അപ്രത്യക്ഷരായി. അതുകണ്ടു് പൂന്താനം വളരെ പരിഭ്രമിച്ചു. തന്റെ ഗ്രന്ഥം അവിടെയെങ്ങും നോക്കിയിട്ടു് കണ്ടതുമില്ല.

“ഭഗവാനെ! ആ ഗ്രന്ഥം എന്റേതാണേ, അതെനിയ്ക്കുതരണെ! ഞാനതിന്നുവേണ്ടിയാണു് ഇത്രനാളും ഇവിടെ താമസിച്ചതു്. അതെവിടെ?” എന്നിങ്ങനെ പറഞ്ഞു് ആ ഭക്തോത്തമൻ വിലപിക്കാൻ തുടങ്ങി.

ഉടനെ അദ്ദേഹത്തിന്നു് ഒരശരീരി കേൾക്കുമാറായി “എടുത്തുവെച്ചിട്ടുണ്ടു്............”

എവിടെയാണ് വെച്ചിരിക്കുന്നത്? ഞാനിവിടെ എല്ലാം തിരഞ്ഞു. എങ്ങും കാണാനില്ലല്ലൊ. ഭഗവാനേ! എന്നെ ബുദ്ധിമുട്ടിക്കരുതേ!"

ഇതുകേട്ട് ഭഗവാൻ പൂന്താനത്തിനോട് ഇപ്രകാരം പറഞ്ഞു. "പൂന്താനം! ആ ഗ്രന്ഥം തൃശ്ശിവപേരൂർ വടക്കുംനാഥക്ഷേത്രത്തിൻെറ തെക്കെ ഗോപുരത്തിൻെറ ഉത്തരക്കൂട്ടിൽ വെച്ചിട്ടുണ്ട്. അവിടെ ചെന്ന് അതെടുത്ത് വായനമുടങ്ങാതെ നടത്തിക്കൊള്ളൂ."

ആനന്ദതുന്ദിലനായ പൂന്താനം വേഗം തൃശ്ശിവപേരൂക്ക്തിരിച്ചു വടക്കുംനാഥക്ഷേത്രത്തിലെത്തി. ഗ്രന്ഥമെടുത്ത്ഇല്ലത്തുചെന്ന് പതിവുപോലെ നിത്യപാരായണംചെയ്ത് ഭക്തിരസം ൻകന്ന് പരമാനന്ദമായി കാലയാപനം ചെയ്ത് നിർവ്വാണമടഞ്ഞു.

## 8. സത്യത്തിൻെറ സ്ഥാനം.

ഒരു വലിയ അമ്പലത്തിൽ സത്യവാദി എന്നു പേരായി ഒരു മുനിയുണ്ടായിരുന്നു. സത്യമല്ലാതെ പറയുകയില്ല എന്ന നിഷ്ഠ അദ്ദേഹം ജീവിതം മുഴുവൻ പരിപൂർണ്ണമായും അനുഷ്ഠിച്ചുവന്നു.

അനവധി ഭക്തന്മാർ ആ വഴിയമ്പലത്തിൽ വന്നു് മുനിയെ ദർശിക്കുകയും ഉപദേശം സ്വീകരിക്കുകയും ചെയ്യുക പതിവായിരുന്നു. ആർ ചോദിച്ചാലും എപ്പോഠം ചോദിച്ചാലും എന്തിനെപ്പററി ചോദിച്ചാലും അദ്ദേഹത്തിന്നറിയുമെങ്കിൽ കണ്ണടച്ചു് തുറന്നു പറയുമെന്നതു് അദ്ദേഹത്തിൻെറ മറെറാരു സ്വഭാവവിശേഷമായിരുന്നു.

ഒരു സായാഹ്നത്തിൽ കുറെ ബ്രാഹ്മണർ ഓടിക്കിതച്ചു് സത്യവാദിയുടെ അടുക്കൽവന്നു. അവരുടെ ബദ്ധപ്പാടെല്ലാം കണ്ടപ്പോഠം സത്യവാദി അവരോടുചോദിച്ചു: "മഹാശയന്മാരെ! നിങ്ങളെന്തിനാണിത്ര ബദ്ധപ്പെടുന്നതു്? നിങ്ങഠംക്കെന്തുപററി? എവിടുന്നു വരുന്നു?"

ബ്രാഹ്മണരിൽ ഒരാഠം കിതച്ചുകൊണ്ടു് പരിഭ്രമത്തോടുകൂടി "സ്വാമി! ഞങ്ങഠം......ഞങ്ങഠം......ഈ.......അടുത്തുള്ള ഗ്രാമത്തിൽനിന്നു് വരികയാണു്. ഒരുക്കൂട്ടം കവച്ചക്കാർ വന്നു്......ഞങ്ങളുടെ ഗ്രാമംമുഴുവൻ കൊള്ളയടിച്ചിരിക്കുന്നു കൂട്ടത്തിൽ ഞങ്ങളുടെ ഇല്ലങ്ങളിലും അവർ വന്നുകയറി. ഞ

ങ്ങൾ അവരെ ഭയപ്പെട്ട്, കിട്ടിയതും കൈയിലെടു ത്ത് ഓടിപ്പോന്നു. ആ ദുഷ്ടന്മാർ ഇതാ, ഞങ്ങളുടെ പിന്നാലെ ഓടിവരുന്നുണ്ട്. അവർ ഞങ്ങളെ വന്നു പിടിക്കും. അതിന്നു മുമ്പായി അവിടുന്ന് ഞങ്ങൾ ക്കഭയമരുളണം.''

അതുകേട്ട് സത്യവാദി "ഓഹോ! അങ്ങിനെ യാണോ? എന്നാൽ ശരി. നിങ്ങൾ ഇതാ, ഈ അ മ്പലത്തിൻെറ ഉള്ളിൽ കയറി ഇരുന്നുകൊള്ളൂ. എ ന്നാൽ കള്ളന്മാർക്ക് നിങ്ങളെ കാണാൻ സാധിക്കുക യില്ല'' എന്നുപറഞ്ഞു.

ആ സാധുബ്രാഹ്മണർ സന്യാസിയുടെ ഉപദേ ശമനുസരിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചുകൊടുത്ത അമ്പലത്തിൽകയറി ഒളിച്ചിരുന്നു.

സമയം സന്ധ്യയായി! സന്യാസി ഭജനത്തി നിരുന്നു. അല്പം കഴിഞ്ഞപ്പോൾ അടുത്തുള്ള നിര ത്തിൽനിന്ന് ഒരു ഭയങ്കര ലഹളകേട്ടു. കവർച്ചക്കാർ ഈ ബ്രാഹ്മണരേയുംതിരഞ്ഞ് വരുന്നവഴിക്ക് അടു ത്തുള്ള ഒരു വീട്ടിൽ ആക്രമണം നടത്തുകയാണ്. ലഹളകേട്ട്, ഭജിച്ചുകൊണ്ടിരുന്ന സന്യാസി പുറ ത്തിറങ്ങിനോക്കി. അതാ, ആ കവർച്ചക്കാർ അമ്പ ലത്തിൻെറ അടുക്കലേക്കായി ഓടിവരുന്നു! അതു കണ്ട് സത്യവാദി തെല്ലൊന്നമ്പരന്നു

ആ കവർച്ചക്കാർ സന്യാസിയെ സമീപിച്ചു, ഈ അമ്പലത്തിന്നുള്ളിൽ ആരെങ്കിലും ഒളിച്ചിരി

ക്കുന്നുണ്ടോ? ഉടൻപറയണം. അല്ലെങ്കിൽ..........!" എന്നു് കണ്ണുരുട്ടി അട്ടഹസിച്ചു.

സന്ന്യാസി 'ഉണ്ടു്' എന്നു് നിസ്സംശയം പറഞ്ഞു.

ഇതു് കേൾക്കേണ്ട താമസ്സമേയുണ്ടായുള്ളു, കവർച്ചക്കാർ ആർത്തുവിളിച്ചു് അമ്പലത്തിന്നുള്ളിൽ കടന്നു് ആ സാധുബ്രാഹ്മണരെപ്പിടിച്ചു് കഠിനമായി മർദ്ദിച്ചു് അവരുടെ അടുക്കലുണ്ടായിരുന്ന ധനമെല്ലാം തട്ടിപ്പറിച്ചു് നടന്നുകളഞ്ഞു.

സത്യവാദി പിന്നേയും വളരെക്കാലം സത്യസന്ധതയോടെതന്നെ ജീവിച്ചു. മരണസമയമായപ്പോൾ കാലദൂതന്മാർവന്നു് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി, യമസന്നിധിയിൽ ഹാജരാക്കി. അവിടെവെച്ചുണ്ടായ വിചാരണയിൽ ഇയാൾ ജീവിതകാലം മുഴുവൻ സത്യസന്ധതയോടെയാണു് കഴിച്ചതെങ്കിലും ഒരിക്കൽ ഇദ്ദേഹം സത്യമൊന്നുമാത്രംനോക്കി പറഞ്ഞ വാക്കു് അദ്ദേഹത്തെ ശരണം പ്രാപിച്ച ചില സാധുബ്രാഹ്മണക്കു് ഉപദ്രവകരമായിത്തീൎന്നു. മററുള്ളവൎക്കു് അഹിതമായിത്തീരുമെങ്കിൽ സത്യമാണെങ്കിലും പുറത്തുപറയരുതാത്തതാണു്. അതിനാൽ ഇദ്ദേഹം കഠിനശിക്ഷക്കഹ്നനാണു് എന്നു് തെളിഞ്ഞു.

# 9. പണവും പട്ടിയുടെ വാലും.

ഒരു ദരിദ്രൻ ഉണ്ടായിരുന്നു. അയാൾ തൻെറ നിത്യവൃത്തിയ്ക്കു് യാതൊരുവഴിയും കാണാഞ്ഞപ്പോൾ എങ്ങനെയെങ്കിലും കുറച്ചു പണംകിട്ടാൻ എന്താണു് വഴി എന്നു് ആലോചിച്ചു് പലരുടേയും അടുക്കൽചെന്നു് ഇരന്നുനോക്കി. എവിടെയെങ്കിലും വല്ല ദാസ്യവൃത്തിയും കിട്ടുമോ എന്നന്വേഷിച്ചു. പക്ഷേ എല്ലാം നിഷ്ഫലമായതേയുള്ളു.

ഒരു ദിവസം അയാളോടു് വേറൊരാൾ ഇപ്രകാരം പറഞ്ഞു. "നിങ്ങൾക്കു് ഒരു ഭൂതത്തെ എങ്ങിനെയെങ്കിലും വശത്താക്കാൻ സാധിച്ചാൽ നിങ്ങൾക്കൊരു ധനികനാകാം"

ആ ദരിദ്രൻ ഭൂതത്തെ എങ്ങിനെയാണു് വശത്താക്കാൻ കഴിയുക എന്നു് അന്വേഷിച്ചു് പല സ്ഥലങ്ങളിലും നടന്നു. അവസാനം ഒരു മഹർഷിയുടെ അടുക്കൽഎത്തി. ഇദ്ദേഹത്തോടപേക്ഷിച്ചാൽ ഒരു ഭൂതത്തെ സ്വാധീനത്തിൽ വരുത്തുവാൻ വേണ്ട ഉപദേശം നല്കും എന്നു് വിചാരിച്ചു് അയാൾ ആ മഹർഷിയുടെ കാൽക്കൽചെന്നു് നമസ്കരിച്ചു് ഇപ്രകാരം ഉണർത്തിച്ചു "സ്വാമി! ഇവിടുന്നു് എനിക്കു് എങ്ങിനെയെങ്കിലും ഒരു ഭൂതത്തെ സ്വാധീനമാക്കിത്തരണം."

മഹർഷി:—ഭൂതത്തേയോ? നിങ്ങൾക്കെന്തിനാണു് ഭൂതം?

ദരിദ്രൻ:—എന്നെ എൻെറ ദാരിദ്ര്യത്തിൽനിന്ന് രക്ഷിയ്ക്കാൻ.

മഹർഷി:—നിനക്കൊരു ഭൂതത്തെത്തന്നാൽ നീ അതിനെക്കൊണ്ടു് എന്തുചെയ്യും?

ദരിദ്രൻ:—ഞാനതിനെക്കൊണ്ടു് എൻെറ നന്മക്കവേണ്ടി പ്രവൃത്തി എടുപ്പിക്കും.

മഹർഷി:—ഏതായാലും ഇതു് നിനക്കു് ആപത്താണ്. അതുകൊണ്ടു് നീ നിൻെറ വീട്ടിലേക്കുതന്നെ മടങ്ങിപ്പോവുകയാണു് നല്ലതു്.

മഹർഷിയുടെ നിർബ്ബന്ധംകൊണ്ടു് മനമില്ലാമനസ്സോടെ ആ ദരിദ്രൻ വീട്ടിലേക്കു മടങ്ങി. അന്നു രാത്രി അയാൾക്കുറക്കം വന്നില്ല.

ഭൂതത്തെ കിട്ടാനുള്ള ആഗ്രഹം അയാളെ പിറേറന്നു് രാവിലെത്തന്നെ മഹർഷിയുടെ അടുക്കൽ എത്തിച്ചു. പിന്നേയും കാൽക്കൽവീണു കരഞ്ഞുകൊണ്ടു് "സ്വാമി! അവിടുന്നു് തീർച്ചയായും എനിക്കൊരു ഭൂതത്തെ സ്വാധീനമാക്കിത്തരണം. എനിക്കതു് കൂടിയേ കഴിയൂ. അവിടുന്നു് യാതൊരു മുടക്കവും പറയരുതു്. ഞാനത്രയ്ക്കും കഷ്ടത്തിലായിരിക്കുന്നു" എന്നു പറഞ്ഞു.

ദരിദ്രൻെറ നിർബ്ബന്ധം കണ്ടപ്പോൾ ആ മഹർഷി പറഞ്ഞു. "ശരി, നിനക്കു് ഞാനൊരു മന്ത്രം ഉപദേശിച്ചുതരാം. നീ ഏതെങ്കിലുമൊരു കാട്ടിൽ പോയിരുന്നു് ആ മന്ത്രം ജപിച്ചു തപസ്സുചെയ്താൽ

നിൻെറ മുൻപിൽ ഒരു ഭൂതം പ്രത്യക്ഷമാകും. ഉടനെ അയാൾക്കെന്തെങ്കിലും ജോലികൊടുക്കണം. കൊടുക്കുന്ന ജോലിയെല്ലാം കൃത്യമായി ചെയ്തുകൊള്ളും. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അയാൾക്കെപ്പോഴും ജോലി കൊടുത്തുകൊണ്ടേയിരിക്കണം. എപ്പോഴെങ്കിലും ജോലികൊടുക്കാതെ വരുകയാണെങ്കിൽ ഉടനെ അയാൾ നിന്നെ പിടിച്ചുതിന്നും.''

ഇതു് കേട്ടു് ദരിദ്രൻ ''ഓ.......അതിനെന്താ പ്രയാസം? ആ ഭൂതത്തിൻെറ ജീവിതകാലം മുഴുവൻ എടുപ്പിക്കാൻ തക്കവണ്ണം എൻെറ അടുക്കൽ ധാരാളം ജോലികളുണ്ടു്. ഞാനവ ഒന്നിനു മേലെ ഒന്നായി ഇടവിടാതെ കൊടുത്തുകൊണ്ടിരിക്കും.'' എന്നുപറഞ്ഞു.

''എന്നാൽമതി, അങ്ങനെയാണെങ്കിൽ ഞാനിതാ നിനക്കാമന്ത്രം ഉപദേശിച്ചുതരുന്നു.'' എന്നു പറഞ്ഞു് മഹർഷി അയാൾക്കാമന്ത്രം ഉപദേശിച്ചു കൊടുത്തു.

മഹർഷിയുടെ അടുക്കൽനിന്നു് മന്ത്രം പഠിച്ചു് ആ ദരിദ്രൻ ഒരു വനത്തിൽചെന്നു് ഒരു മരത്തിൻെറ ചോട്ടിലിരുന്നു് അതു് ഉരുവിടാൻ തുടങ്ങി. മഹർഷി പറഞ്ഞപോലെത്തന്നെ കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഒരു ഭയങ്കരഭൂതം ആ ദരിദ്രൻെറ മുമ്പിൽ പ്രത്യക്ഷമായി. ഉടനെ ''എനിയ്ക്കുന്തെ

ങ്കിലും ജോലി ഇപ്പോഠംത്തന്നെ തരണം" എന്നു ഗജ്ജിച്ചു. ആ ദരിദ്രൻ ഉടനെ "ഈ കാടുമുഴുവൻ വെട്ടിത്തെളിയിച്ച് ഒരു നല്ല നഗരമാക്കുക" എന്നാജ്ഞാപിച്ചു.

പറയേണ്ട താമസമേയുണ്ടായുള്ള, മരങ്ങഠം ഇടതൂന്ന് വളന്ന് ദുഷ്ടമൃഗങ്ങളെക്കൊണ്ടു നിറഞ്ഞു, സൂയ്യരശ്മി അല്പംപോലും പ്രവേശിയ്ക്കാതെ അന്ധകാരമയമായിക്കിടന്നിരുന്ന ആ ഘോരവനം അതിമനോഹരമായ ഒരു നഗരമായിമാറി. ജനങ്ങളും വാഹനങ്ങളും തെരുതെരെ തിരക്കിട്ട് നീങ്ങിത്തുടങ്ങി. എങ്ങും ബഹളംതന്നെ. അതെല്ലാംകണ്ടു ആ ദരിദ്രൻ വളരെയധികം ആശ്ചയ്യപ്പെട്ടുപോയി. അപ്പോഴേക്കും ഇനിയെന്താണ് ജോലി എന്നു ആ ഭൂതം പിന്നേയും ഗർജ്ജിച്ചു. അതുകേട്ട് ആ ദരിദ്രൻ ഈ നഗരത്തിൻെറ മദ്ധ്യത്തിലായി ഒരു രാജധാനിയുണ്ടാക്കുക" എന്നാജ്ഞാപിച്ചു. അതുപറഞ്ഞു കണ്ണൊന്നു ചിമ്മിത്തുറന്നപ്പോഴേക്കും അവിടെ അതിമനോഹരമായ ഒരു രാജധാനി കണ്ടു.

"ഇനിയെന്താചെയ്യേണ്ടതു? എന്നായി ഭൂതം. ആ ദരിദ്രനു കുറേശ്ശെ പരിഭ്രമമായിത്തുടങ്ങി. എങ്കിലും ഇനി കുറെ പണം ഉണ്ടാകട്ടെ" എന്നു പറഞ്ഞു. അരനിമിഷത്തിനുള്ളിൽ ആ രാജധാനി നിറച്ചും പണവും രത്നങ്ങളും നിറച്ച ഭരണികഠം നിരന്നു.

ഭൂതത്തിൻെറ അത്ഭുതകരമായ ജോലികഠം കണ്ടപ്പോഠം ദരിദ്രൻെറ ഭയം കൂടിക്കൂടിവന്നു. അ

യാറംക്ക് യാതൊരു ജോലിയും ഭൂതത്തെക്കൊണ്ടു് ചെയ്യിക്കാനില്ല ചെയ്യാൻ കൊടുത്തതു മുഴുവൻ ഒരു നിമിഷത്തിന്നുള്ളിൽ ചെയ്തുതീൎത്തു. ഇനി ജോലി കൊടുക്കാനില്ലെങ്കിൽ ആ ഭൂതം, തന്നെ പിടിച്ചുവിഴുങ്ങുമെല്ലോ എന്നാലോചിച്ച് അയാറം കിടുകിടെ വിറയ്ക്കാൻതുടങ്ങി.

ദരിദ്രന്റെ ഭാവം കണ്ടപ്പോറം ഭൂതം അയാളെപ്പിടികൂടി. "ഞാനിപ്പോറം നിന്നെ വിഴുങ്ങും. അല്ലെങ്കിൽ എനിക്കു് വേഗം ജോലി തന്നുകൊറംക" എന്നു കണ്ണുരുട്ടിക്കൊണ്ടു പറഞ്ഞു.

സാധുദരിദ്രൻ നിലവിളിച്ചുംകൊണ്ടു് അവിടെനിന്ന് ഓടാൻതുടങ്ങി. പിന്നാലെ ഭൂതവും അവസാനം ആ സാധു, മഹൎഷിയുടെ അടുക്കൽ എത്തി ഇപ്രകാരം കേണപേക്ഷിച്ചു. "സ്വാമി! എന്നെ രക്ഷിയ്ക്കണെ! രക്ഷിയ്ക്കണെ !!" അപ്പോഴേക്കും ഭൂതവും അവിടെ എത്തി. ദരിദ്രനെ പിടിച്ച് വിഴുങ്ങാൻ പുറപ്പെട്ടു. ദരിദ്രൻ മഹൎഷിയുടെ കാൽക്കൽ വീണു് ഉറക്കെ കരയാൻതുടങ്ങി. അതുകണ്ടു് മഹൎഷിക്കു് അയാളിൽ അലിവുതോന്നുകയും ഇപ്രകാരം പറയുകയും ചെയ്തു.

"നീയൊരു കാൎയ്യം ചെയ്യുക. ആ കാണുന്ന പട്ടിയെ പിടിച്ച് ഭൂതത്തിന്റെ കൈയിൽകൊടുത്ത് അതിന്റെ വാലു് കേടുകൂടാതെ നിവൎത്താൻ പറയുക! ആ ദരിദ്രൻ ഉടനെ തന്റെ അടുത്തു് നിന്നിരുന്ന പട്ടിയെപ്പിടിച്ച് ഭൂതത്തിന്റെ കൈയിൽകൊടുത്ത് ഇപ്രകാരം പറഞ്ഞു. "ഇത, ഈ പട്ടിയുടെ

വാൽ യാതൊരു കേടും തട്ടിക്കാതെ വളവു നിവ ത്തിക്കൊണ്ടുവരിക."

ഭൂതം ഉടനെ ആ പട്ടിയുടെ വാലുപിടിച്ച് നിവത്തി കൈവിട്ട ഉടനെ അതങ്ങുവളൎന്നു. പിന്നേയും അയാഠം അതിൻെറ അററം പിടിച്ചു പതുക്കെ നിവത്തിവെച്ച പിടുത്താവിട്ട .ഉടനെ വളയുകയും ചെയ്തു. എത്രനിവത്തിയിട്ടും പിന്നേയും പട്ടിയുടെ വാല് പൂർവ്വസ്ഥിതിയെ പ്രാപിയ്ക്കയല്ലാതെ ഒരിയ്ക്കലും നിവൎന്നില്ലുന്നില്ല. അനവധിപ്രാവശ്യമല്ല, അനവധി ദിവസങ്ങാംതന്നെ തുടച്ചയായി ആ ഭൂതം അതു നിവത്താൻ ശ്രമിച്ചുനോക്കി. അവസാനം ഭൂതത്താൻ വളരെ ക്ഷീണിച്ചു. അതിനാൽ ദരിദ്രൻമായി ഒരു സഖ്യംചെയ്യാൻ തീച്ചപ്പെടുത്തി.

ഭൂതം ദരിദ്രനോടു പറഞ്ഞു. "ഞാൻ വളരെ വലിയ ഒരു ഭൂതമായിട്ടും എനിക്കു് ഈ പട്ടിയുടെ വാല് നിവത്താൻ സാധിയ്ക്കുന്നില്ല. അനവധിദിവസമായി ഞാനിതിന്നു് കിണഞ്ഞു് പരിശ്രമിക്കുന്നു. യാതൊരു ഫലവും കാണുന്നില്ല. അതുകൊണ്ടു് നമുക്ക രണ്ടുപേക്കും ഒരു സഖ്യംചെയ്യാം. ഞാനുണ്ടാക്കിയ വസ്തുക്കളെല്ലാം നിനയ്ക്കിരിയ്ക്കട്ടെ അതിന്നുപകരം നീ എന്നെ ഈ ജോലിയിൽനിന്നു് വിമുക്തനാക്കിപ്പറഞ്ഞയയ്ക്കുക."

ദരിദ്രന്നു് വളരെ സന്തോഷമായി. ഭൂതത്തിന്നു് സ്വാതന്ത്ര്യവും കിട്ടി.

# 10. അതാണ് യജ്ഞം.

ധർമ്മപുത്രർ ഒരിയ്ക്കൽ ഒരു മഹായജ്ഞം നടത്തി. യജ്ഞാവസാനത്തിൽ അനവധി ബ്രാഹ്മണർക്ക് ദക്ഷിണയും ദാനവുംനൽകി. വിഭവസമൃദ്ധമായ സദ്യകഴിഞ്ഞ് ബ്രാഹ്മണരെല്ലാം ധർമ്മപുത്രരുടെ യജ്ഞത്തിൻെറ മഹത്വത്തെപ്പററി പ്രകീർത്തിക്കാൻ തുടങ്ങി: "അഹോ! ധർമ്മപുത്രരുടേയും ധർമ്മബുദ്ധി അതിഗംഭീരംതന്നെ. വേറെ ആരാണ് ഇത്ര ഗംഭീരമായി ഒരു യജ്ഞം നടത്താൻ ശക്തനായിട്ടുള്ളതു്! പാണ്ഡവന്മാർ മഹാധർമ്മിഷ്ഠർ തന്നെ! സാധുക്കൾക്ക് ദാനംചെയ്ത ധനത്തിന്നു് കണക്കുണ്ടോ? ആശ്ചര്യം! ആശ്ചര്യം!!

അതിന്നിടയിൽ ഒരു കീരി എങ്ങിനേയോ ആ യാഗശാലയിലെത്തി. അതിൻെറ ദേഹം പകുതി സ്വർണ്ണവർണ്ണവും മറെറപ്പകുതി സാധാരണപോലെ തവിട്ടുനിറവുമായിരുന്നു. അതു് വന്നപാടെ ആ യാഗശാലയിൽ കിടന്നുരുളാൻതുടങ്ങി. ആ ജീവിയുടെ അസാധാരണമായ ഈ ഗോഷ്ടി, യാഗശാലയിലിരിയ്ക്കുന്നവരെ അത്ഭുതപ്പെടുത്തി. യജ്ഞത്തിൻെറ മഹിമയെപ്പററി പ്രകീർത്തിച്ചുകൊണ്ടിരിയ്ക്കുന്ന അവരോട് കീരി ഇപ്രകാരം പറഞ്ഞു.

"നിങ്ങളെല്ലാവരും എന്തിനെപ്പററിയാണ് ഇത്രയെല്ലാം പറഞ്ഞ് പുകഴ്ത്തുന്നതു്? ഇതു യജ്ഞമാണോ? തീർച്ചയായും നിങ്ങൾ യജ്ഞം കണ്ടിട്ടില്ല.

ഇതു് യജ്ഞമേയല്ല. ഇതിനെപ്പററി ഒട്ടുംതന്നെ പ്ര കീത്തിക്കാനും അഭിനന്ദിക്കാനുമില്ല.”

കീരിയുടെ വാക്കുകഠം അവരെ ക്രോധിഷ്ഠരാക്കി. അവർ ആ ജീവിയോടു് ഉറക്കെ ചോദിച്ചു: “എന്തു്? ഇതു് യജ്ഞമെല്ലന്നോ? പിന്നെ ഇതിനെന്തുപേർപറയും? നീ വല്ല യജ്ഞവും കണ്ടിട്ടുണ്ടോ? എത്രയോ ദരിദ്രന്മാക്കു് പണവും രത്നങ്ങളും കൊട്ടക്കണക്കിന്നു് ചൊരിഞ്ഞുകൊടുത്തു. അവരെല്ലാവരും സമ്പന്നരും സംതൃപ്തരുമായി മടങ്ങിപ്പോയി. ഇതൊന്നും നീ അറിഞ്ഞിട്ടില്ലേ? ഇതുവരെ മനുഷ്യർ നടത്തിയ യജ്ഞങ്ങളിൽ അത്യാശ്ചര്യകരവും അതിഗംഭീരവുമായ യജ്ഞം ഇതല്ലാതെ വേറെ ഏതാണു്? എന്നിട്ടും ഇതു് യജ്ഞമേയല്ലെന്നു് അവരുത്തുമറിച്ചുപറയുവാൻ തനിക്കു് ധൈര്യം വന്നതെങ്ങിനെ?”

കീരി:—“മാന്യമഹാജനങ്ങളെ, ദേഷ്യപ്പെടാതിരിയ്ക്കിൻ! ഈ യജ്ഞം എത്രമാത്രം നിസ്സാരമാണെന്നു് തെളിയിക്കുന്നതിന്നു് ഞാനൊരു സംഭവകഥ പറയാം. എനിക്കു് നേരിട്ടനുഭവമുള്ള ഒരു കഥ!

“ഒരു ചെറുഗ്രാമത്തിൽ ഒരു ബ്രാഹ്മണകുടുംബം താമസിച്ചിരുന്നു. ഗൃഹനായകനായി ഒരു ബ്രാഹ്മണൻ, അദ്ദേഹത്തിൻെറ ഭാര്യ, അവരുടെ മകൻ, മകൻെറ ഭാര്യ എന്നിവരായിരുന്നു. ആ

കുടുംബത്തിലെ അംഗങ്ങൾ. ഗൃഹനായകൻ അദ്ധ്യാപനം നടത്തിക്കിട്ടുന്ന ഏററവും ചുരുങ്ങിയ ദക്ഷിണകൊണ്ടാണ് അവർ നിത്യവൃത്തി കഴിച്ചിരുന്നതു്. പലപ്പോഴും അവക്ക് പട്ടിണികിടക്കുക എന്നതാണ് അനുഭവം. എന്നിട്ടും പിറുപിറുപ്പുകൂടാതെ സന്തോഷമായിത്തന്നെ താമസിച്ചുവന്നു.

അങ്ങിനെയിരിയ്ക്കെ ആ രാജ്യത്തിൽ ഒരു ഭയങ്കരക്ഷാമം നേരിട്ടു തുടന്നുകൊണ്ടുള്ള വരൾച്ചയാണ് ക്ഷാമത്തിന്നു് കാരണം. ഒരുതുള്ളി മഴപോലും പെയ്യാഞ്ഞതിനാൽ ജലാശയങ്ങളെല്ലാം വററിവരണ്ടു. കൃഷിയെല്ലാം ഉണങ്ങിക്കരിഞ്ഞു. ജനങ്ങൾ ഭക്ഷണവും വെള്ളവും കിട്ടാതെ പിടഞ്ഞുമരിച്ചു. പലരും രാജ്യം വിട്ടു് അന്യരാജ്യങ്ങളിൽപോയി ത്താമസിച്ചു പക്ഷെ, ഈ സാധുബ്രാഹ്മണകുടുംബത്തിന്നു് എങ്ങും പോകാൻ സാധിച്ചില്ല. അവരുടെ ദാരിദ്ര്യം അതിന്റെ നഗ്നരൂപം ധരിച്ചു. വളരെ ദിനങ്ങൾ അവർ ജലപാനം ചെയ്യാതെ കഴിച്ചുകൂട്ടി.

അങ്ങിനെയിരിക്കെ ഗൃഹനായകനായ ബ്രാഹ്മണന്നു് എവിടുന്നോ കുറച്ചു് ഗോതമ്പുമാവു കിട്ടി. അദ്ദേഹം അതു് ഇല്ലത്തുകൊണ്ടുവന്നു എല്ലാവക്കും അതിയായ വിശപ്പുണ്ടായിരുന്നതിനാൽ അവർ അതു പാകംചെയ്യാതെത്തന്നെ നാലുസമഭാഗമാക്കി ഭാഗിച്ചു് ഭക്ഷിപ്പാനാരംഭിച്ചു. അപ്പോൾ ആരോ ഒരാൾ വാതില്ക്കൽവന്നു് മുട്ടുന്നതായിക്കേട്ടു. ഉടനെ

ബ്രാഹ്മണൻ ചെന്നു് വാതിൽ തുറന്നു. അതു് ഒരു വഴിപോക്കനായിരുന്നു. "നമസ്കാരം!" എന്നു തൊഴുതു് പുഞ്ചിരിച്ചുകൊണ്ടു് ഗൃഹനായകൻ അതിഥിക്കു് സ്വാഗതമരുളി, അകത്തേക്കു വിളിച്ചുകൊണ്ടു പോയി ആസനം നല്കി ഇരുത്തി. ബ്രാഹ്മണൻ തൻെറ ഓഹരിഭക്ഷണം അതിഥിയുടെ മുമ്പിൽ വിനയപൂർവ്വം വെച്ചുകൊടുത്തു അതിഥി അതു് അത്യാർത്തിയോടെ വാരിത്തിന്നു്, "ബ്രാഹ്മണാ, നിങ്ങൾ എന്നെ കൊല്ലുകയാണു് ചെയ്തതു് ഞാൻ പത്തുപന്ത്രണ്ടുദിവസമായി തുടർച്ചയായി പട്ടിണികിടക്കുന്നു. നിങ്ങൾതന്ന അല്പഭക്ഷണം എൻെറ കത്തിയെരിയുന്ന വിശപ്പിനെ ഒന്നുകൂടി ആളിക്കത്തിക്കുകയാണു് ചെയ്തതു്" എന്നുപറഞ്ഞു.

അപ്പോൾ ഗൃഹിണി തൻെറ ഭർത്താവിനോടു് ഇപ്രകാരം പറഞ്ഞു. "ഇതാ, എൻെറ ഓഹരിയും കൂടി എടുത്തു് വിളമ്പിക്കൊടുക്കുക. എന്നാൽ അദ്ദേഹത്തിൻെറ വിശപ്പു് ഒരുവിധം അടങ്ങിയേക്കാം."

ബ്രാഹ്മണൻ അതും അതിഥിയുടെ മുമ്പിൽ വെച്ചുകൊടുത്തു. അദ്ദേഹം അതും ബദ്ധപ്പെട്ടു് കഴിച്ചു. അതുകൊണ്ടും അദ്ദേഹത്തിൻെറ വിശപ്പു് അടങ്ങിയില്ല. "അയ്യോ! എൻെറ വിശപ്പു് കൂടുതൽ വർദ്ധിച്ചുവർദ്ധിച്ചുവരികയാണല്ലോ ചെയ്യുന്നതു്!" എന്നു പറഞ്ഞു. അതുകേട്ടു് അച്ഛൻെറ ആഗ്രഹങ്ങളെ നി

റവേററേണ്ടതു് തൻെറ ചുമതലയാണു് എന്ന ബോധത്തോടെ മകനും തൻെറ ഭക്ഷണം അതിഥിക്കു കൊടുത്തു് അദ്ദേഹം അതും ഭക്ഷിച്ചു. എന്നിട്ടും അദ്ദേഹത്തിൻെറ വിശപ്പിന്നു് തെല്ലുപോലും ശമനമുണ്ടായില്ല. അതുകണ്ടു് മകൻെറ ഭാൎയ്യയും തൻെറ ആഹാരം സന്തോഷത്തോടുകൂടി ആ അതിഥിയ്ക്കു കൊടുത്തു അതുംകൂടി കഴിച്ചപ്പോൾ അതിഥിയുടെ വിശപ്പടങ്ങി. അദ്ദേഹത്തിന്നു് സന്തോഷവും സംതൃപ്തിയുമായി. ആ ബ്രാഹ്മണകുടുംബത്തെ അനുഗ്രഹിച്ചു് ആ വഴിപോക്കൻ അവിടെനിന്നു് പോവുകയും ചെയ്തു.

വളരെ ദിവസമായി മുഴുപ്പട്ടിണിയിൽ കഴിച്ചുകൂട്ടിയ ആ ബ്രാഹ്മണകുടുംബത്തിലെ നാലുപേരും അന്നുരാത്രി വിശപ്പുകൊണ്ടു് മൃതിയടഞ്ഞു.

അവർ ഗോതമ്പുമാവു് വിളമ്പുമ്പോൾ അതിൻെറ ചില തരികൾ അവിടെ വീണുകിടന്നിരുന്നു. ഞാൻ ആ നിലത്തു കിടന്നുരുണ്ടപ്പോൾ ആ പൊടിതട്ടി എൻെറ ശരീരം പകുതി സ്വൎണ്ണമായി.

അതിന്നുശേഷം അപ്രകാരമുള്ള ഒരു യജ്ഞം നടക്കുന്ന ഒരു സ്ഥലവുംതേടി ഞാൻ ലോകം മുഴുവൻ ചുററിനടക്കുകയാണു് എൻെറ ദേഹത്തിലെ മറെറപകുതിയും സ്വൎണ്ണനിറമാകുവാൻ. പക്ഷെ ഏതുയാഗശാലയിൽചെന്നിട്ടും എത്രതന്നെ കിടന്നുരുണ്ടിട്ടും ഒരു രോമംപോലും മാറുന്നില്ല. ഇവിടെ

ധർമ്മപുത്രമഹാരാജാവിൻെറ മഹായജ്ഞമുണ്ടെന്നു് കേട്ടു് സന്തോഷിച്ചാണു് ഞാൻ ഓടിവന്നതു്.

പക്ഷെ, അനുഭവം മററുദിക്കുകളിലേതുപോലെത്തന്നെ. നിങ്ങഠം പറയുന്നതുപോലെ ഈ യജ്ഞം അതിമഹത്താണെങ്കിൽ ഞാനീയാഗശാലയിൽ കിടന്നുരുണ്ടില്ലെ? യജ്ഞത്തിന്നുപയോഗിച്ച പല ദ്രവ്യങ്ങളും എൻെറ ദേഹത്തിൽ പററിയില്ലെ? എന്തുകൊണ്ടു് എൻെറ ദേഹത്തിൽ മറേറപ്പകുതിയും സ്വർണ്ണമായില്ല? അതുകൊണ്ടാണു് ഇതു് യജ്ഞമേ അല്ല എന്നു് ഞാൻ പറഞ്ഞതു്''

UNIVERSITY LIBRARY MADRAS
MUL
202648
202648
032:302N5
J5

14-12-40